# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെൻമേനി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി) പി3/578/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് ജില്ല

തീയതി:13/10/2017.

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല

സെക്രട്ടറി

നെൻമേനി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :നെൻമേനി ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക

വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെൻമേനി ഗ്രാമപഞ്ചായത്തിന്റെ - 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2, 2-5, 2-6, 2-7ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക്

അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നം .കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി3/578/17

തിയ്യതി:13/10/2017.

വയനാട് ജില്ലയിലെ നെൻമേനി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നെൻമേനി ഗ്രാമപഞ്ചായത്തിന്റെ - 2016-17സാമ്പത്തിക

വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി 01.04.2016 തിയ്യതി മുതൽ 31.03.17 വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെപഞ്ചായത്തിന്റെശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീമതി . വസന്ത പി.എസ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.08.2017 മുതൽ<br>31.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ അഗസ്റ്റ്യൻ ഒ.കെ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.നവാസ് കെ.എം<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഡേവിഡ് കെ.വി<br>അസി.ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | |
| | ശ്രീ. അലി അക്ബർ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജയൻ.പി, ഓഡിറ്റർ |
| | ശ്രീമതി .ടിജി വർഗ്ഗീസ്<br>ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | സി.ആർ കറുപ്പൻ | 01.04.2016മുതൽ<br>31.03.2017 വരെ |
| വൈസ് പ്രസിഡന്റ് | മേരി | 01.04.2016മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(വികസന കാര്യം) | പി.കെ രാമചന്ദ്രൻ | 01.04.2016മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി(ക്ഷേമകാര്യം) | സരള ഉണ്ണികൃഷ്ണൻ | 01.04.2016മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | കെ.രാജഗോപാലൻ | 01.04.2016മുതൽ<br>31.03.2017 വരെ |
| സെക്രട്ടറി | കെ.നാരായണൻ | 01.04.2016മുതൽ<br>06.02.2017 FNവരെ |
| | ഷാജികുമാർ പി.ആർ( ഇൻചാർജ്ജ്) | 06.02.2017 FN മുതൽ<br>31.03.2017 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി എച്ച്.സി) | ഡോ.സനൽകുമാർ | 01.04.2016മുതൽ<br>31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.ബിനോയ് ആൻറണി | 01.04.2016മുതൽ<br>31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ.അപർണ്ണ | 01.04.2016മുതൽ<br>31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഗീത | 01.04.2016മുതൽ<br>31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സിമിത ജോൺ | 01.04.2016മുതൽ<br>31.03.2017 വരെ |
| വി ഇ ഒ | ഷനോജ്.എൻ.പി | 01.04.2016മുതൽ<br>31.03.2017 വരെ |
| കൃഷി ഓഫീസർ | മറിയുമ്മ എം.കെ | 01.04.2016മുതൽ<br>31.03.2017വരെ |
| അസി .എഞ്ചിനീയർ | വിനീത സി.ടി | 01.04.2016മുതൽ<br>31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശശി | 01.04.2016മുതൽ<br>31.03.2017 വരെ |
| അസി.സെക്രട്ടറി | ഷാജികുമാർ പി.ആർ | 01.04.2016മുതൽ<br>31.03.2017 വരെ |
| ടി.ഇ.ഒ | ഗിരിജ പി.വി | 01.04.2016മുതൽ<br>31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1- പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് | 1-3 | |

| | | | |
|---|---|---|---|
| | നല്കിയതിന്റെ വിവരം. | | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| | ഭാഗം 2 - വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | വാർഷിക കണക്കുകളുടെ അപാകതകൾ | 2-1 | |
| 12 | പുതിയ നികുതിദായകർക്ക് 14-01-2011 മുതൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചില്ല. | 2.2 | |
| 13 | 2013-14 മുൻപിലുള്ള വസ്തു നികുതി കുടിശ്ശിക സഞ്ചയയിൽ മാന്വലായി ജനറേറ്റ് ചെയ്തിട്ടില്ല | 2.3 | |
| 14 | സ്വകാര്യഹോസ്റ്റൽ,ഹോംസ്റ്റേ , ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ എന്നിവയ്ക്കുള്ള അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ചതിലെ അപാകതകൾ | 2.4 | |
| 15 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 2.5 | |
| 16 | എടയ്ക്കൽ ഗുഹ പ്രദേശത്ത് റിസോർട്ടുകൾക്ക് നിയമാനുസൃതമല്ലാതെ കെട്ടിട പെർമിറ്റ് നല്കി . | 2.6 | |
| 17 | റിസോർട്ടുകൾക്ക് വസ്തുനികുതി ഈടാക്കുന്നതിലെ അപാകതകൾ | 2-7 | |
| 18 | ഡി&ഒ ലൈസൻസ്,തൊഴിൽ നികുതി,സ്ഥാപന തൊഴിൽനികുതി പിരിവ് അപാകതകൾ | 2-8 | |
| 19 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതിയിനത്തിൽ വാങ്ങിയ ചെക്കുകൾ ബാങ്കിൽ പാസായി അക്കൗണ്ടിൽ വന്നിട്ടില്ല. | 2-9 | |

| | | | |
|---|---|---|---|
| 20 | ഇ-ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല. | 2-10 | |
| 21 | ഗ്രാമപഞ്ചായത്തിലേക്ക് ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങലുകൾ - ടെണ്ടർ ഫോറം വില ഈടാക്കിയത് കുറവ്. | 2-11 | |
| 22 | ഭവന നിർമ്മാണ പദ്ധതി -പട്ടിക വർഗ്ഗം-രേഖകൾ ഹാജരാക്കിയില്ല | 3-1 | |
| 23 | സർക്കാർ ജീവനക്കാരന് ODF ആനുകൂല്യം നൽകി | 3-2 | |
| 24 | സുകൃതം ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3-3 | |
| 25 | ജനറൽ ഭവന പദ്ധതി(2014-15) ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3-4 | |
| 26 | അഗതി ആശ്രയഭവനപദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3-5 | |
| 27 | ODF programme ശുചിമുറി നിർമ്മാണം പൂർത്തിയായില്ല | 3-6 | |
| 28 | VEO യുടെ അക്കൌണ്ടിൽ തുക അവശേഷിക്കുന്നു. | 3-7 | |
| 29 | ആയുർവേദ മരുന്ന് ലഭിക്കാൻ കാലതാമസം നേരിടുന്നു | 3-8 | |
| 30 | ക്ലബ്ബുകൾക്ക് ക്രമ വിരുദ്ധമായി ടെലിവിഷൻവിതരണം ചെയ്തു | 3-9 | |
| 31 | സാക്ഷരത പദ്ധതി-അപാകതകൾ | 3-10 | |
| 32 | ക്ലബ്ബുകൾക്ക് ക്രമ വിരുദ്ധമായി സ്പോർട്സ് കിറ്റ് വിതരണം ചെയ്തു | 3-11 | |
| 33 | അങ്കൺവാടി പ്രവർത്തകർക്കുള്ള അധികവേതനം നൽകൽ-സംബന്ധിച്ച്. | 3-12 | |
| 34 | അനുപൂരക പോഷകാഹാര പദ്ധതി- സംബന്ധിച്ച് | 3-13 | |
| 35 | ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി തിരിച്ചടയ്ക്കാൻ ബാക്കിയുള്ള വായ്പയുടെ വിവരങ്ങൾ ഇല്ല. | 3-14 | |
| 36 | സുകൃതം ഭവന നിർമ്മാണ പദ്ധതി - ബാങ്ക് വായ്പയുടെ കൃത്യമായ വിവരങ്ങൾ ഇല്ല | 3-15 | |
| 37 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. | 3-16 | |

| | | | |
|---|---|---|---|
| 38 | പൊതുടാപ്പിന്റെ വെള്ളക്കരം അടവാക്കൽ - രേഖകൾ ഹാജരാക്കിയില്ല. | 3-17 | |
| 39 | ഹോമിയോ ആശുപത്രയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ഇനിയും ലഭ്യമായിട്ടില്ല. | 3-18 | |
| 40 | തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് - കൈപ്പറ്റ് വിവരം ഇല്ല. | 3-19 | |
| 41 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെയും, ബിൽ തുക അനുവദിച്ചതിലെയും അപാകതകൾ. | 3-20 | |
| 42 | പദ്ധതികൾ നടപ്പാക്കാത്തതിനാൽ ഫണ്ട് പാഴാകുന്നു. | 3-21 | |
| 43 | കുടിവെള്ളപദ്ധതികൾ – നവീകരണം/ വൈദ്യുതീകരണത്തിനായുള്ള പദ്ധതികൾ -സംബന്ധിച്ച്. | 3-22 | |
| | ഭാഗം 4 -പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 44 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 45 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 47 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 48 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 49 | ഓഡിറ്റ് റിക്കവറി | 4-6 | |
| 50 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 16.03.2016 തീയതിയിലെ 22/3 തീരുമാന പ്രകാരവും പുതുക്കിയ ബഡ്ജറ്റ് 25.06.16 ലെ 49/16 തീരുമാന പ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.17 | ..2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് സമയത്ത് പരിശോധിച്ചു. | അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 36207784 |
| വരവ് | 98312153 |
| ആകെ | 134519937 |
| ചെലവ് | 78655708 |
| നീക്കിയിരിപ്പ് | 55864229 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 25422354 | 25422354 | 24247726 | - | 1174628 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4098108 | 4098108 | 755000 | - | 3343108 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 18837759 | 18837759 | * 6218919 | - | 1268840 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 15434235 | 15434235 | 6225437 | - | 9208798 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5741589 | 5741589 | 2024610 | - | 3716979 |
| ലോകബാങ്ക് സഹായം(സെൻട്രൽ) | 0 | 1851616 | 1851616 | 145800 | - | 1705816 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 14257321 | 14257321 | 5457303 | - | 8800018 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 24038524 | 14790408 | 38828932 | 3823628 | - | 35005304 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 307 | 142864663 | 57372931 | 88 | 43 | 176 | * 28.66 |

* പദ്ധതി ചെലവ് വെറും 28.66 % മാത്രമാണ്.

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2038018/- രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5198838 | 6691054 | 1492216 | (+ )29 |
| നികുതിയേതര വരവുകൾ | 1762337 | 2308139 | 545802 | (+)31 |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 6961175 | 8999193 | 2038018 | +29 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 66 | 89400 |
| കർഷകതൊഴിലാളി പെൻഷൻ | 882 | 7555320 |
| വിധവാപെൻഷൻ | 2121 | 21172520 |
| വാർദ്ധക്യകാലപെൻഷൻ | 2649 | 26184570 |
| വികലാംഗപെൻഷൻ | 444 | 4088050 |
| അവിവാഹിത പെൻഷൻ | 33 | 270660 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.08.2017 ന് 02.30 പി.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14176/- രൂപ (പതിനാലായിരത്തി ഒരുനൂറ്റി എഴുപത്തിയാറ് രൂപാ മാത്രം ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.08.2017 | 01.04.2017-31.07.2017 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.01.2016 | 2010-11മുതൽ 2014-15 വരെ | 14.03.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2016-17വർഷത്തെ വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1) ഫിക്സഡ് അസറ്റ്സ്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ, ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നിവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. തൻവർഷം ഫിക്സഡ് അസറ്റ്സിന് ബാലൻസ് ഷീറ്റിൽ ഡിപ്രിസിയേഷൻ ഉൾപ്പെടുത്തിയിട്ടില്ല.

2) കോ-ഓപ്പ്. ബാങ്കിൽ നിന്നുമുള്ള ലോൺ ബാധ്യതയായി ബാലൻസ് ഷീറ്റിലെ ബി-5 ഷെഡ്യൂളിൽ 25906588/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ ബി-16 ഷെഡ്യൂളിൽ പ്രീപേയ്ഡ് എക്സ്പെൻസായി 22906588/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ലോണിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല (ആകെ ലോൺ തുക, നാളിതുവരെയുള്ള തിരിച്ചടവ്, തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക, തൻ വർഷത്തെ ലോൺ വരവും തിരിച്ചടവും, പിഴപലിശ തുടങ്ങിയ വിവരങ്ങൾ ).

3) ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. സാംഖ്യ ലെഡ്ജർ പ്രകാരമുള്ള വിവരങ്ങൾ രജിസ്റ്ററിലേക്ക് പകർത്തി എഴുതിയിരിക്കുകയാണ്. രജിസ്റ്ററിൽ 752497/-രൂപ മുൻ ബാക്കിയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഏത് വർഷം ആരിൽ നിന്നും സ്വീകരിച്ചതാണെന്ന വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4) ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂളിൽ 3133919/- രൂപയാണ് സ്ഥിര നിക്ഷേപമായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം സ്ഥിര നിക്ഷേപം 4801425/- രൂപയാണ്.

5) വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിലെ ബി - 17 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികൾക്ക് തത്തുല്യമായ ബാധ്യതകൾ ബി-4 ഷെഡ്യൂളിൽ രേഖപ്പട്ടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ബി - 17 പ്രകാരമുള്ള ആസ്തി |
|---|---|
| എസ്.ജി.ആർ.വൈ | 4395 |
| ലിറ്ററസി | 472845 |

| | |
|---|---|
| ജലനിധി | 632351 |
| പൈക്ക | 39893 |
| എസ്.എസ്.എ | 82042 |
| സുകൃതം | 68510 |
| എൻ.ആർ.ഇ.ജി.എ. | 52087 |

തനത് ഫണ്ട് നിക്ഷേപിക്കുന്ന അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള മറ്റ് ഫണ്ടുകളുടെ വിവരം ഓഡിറ്റന് ലഭ്യമാക്കിയിട്ടില്ല. അതിനാൽ യഥാർത്ഥിൽ നീക്കിയിരിപ്പുള്ള തനത് ഫണ്ട് നിക്ഷേപം എത്രയാണെന്ന് വ്യക്തമല്ല. അതുപോലെ തനത് ഫണ്ട് അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ള മറ്റ് ഫണ്ടുകളുടെ (പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച ഫണ്ടുകൾ തുടങ്ങിയവ) ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതകളും ബി - 17 പ്രകാരമുള്ള ആസ്തികളും തമ്മിൽ പെരുത്തപ്പെട്ടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് രണ്ട് ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു (എസ്.ബി.ടി. (A/C No.67169635205, കോ.ഓപ്പ. ബാങ്ക് 882).

7) വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിലെ ബി - 17 ഷെഡ്യൂളിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന അക്കൗണ്ടുകൾ എന്ത് ആവശ്യത്തിനുള്ളതായിരുന്നു എന്ന് വ്യക്തമാക്കിയിട്ടില്ല.

| അക്കൗണ്ട് | ബി - 17 പ്രകാരമുള്ള ആസ്തി |
|---|---|
| എസ്.ബി.റ്റി. എസ്.ബി. (A/C No. 57068379768) | 112089 |
| ട്രഷറി സ്പെഷ്യൽ ഫണ്ട് - 2 (**) | 71975 |

(**)അക്കൗണ്ടിന്റെ പാസ് ബുക്ക്/സ്ലോൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8) വാർഷിക കണക്കിൽ കാഷ് മുൻബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്നത് മൈനസ് തുകയാണ് [ (-)132765].

9) പല ബാങ്ക് ബുക്കുകളും ബാങ്ക് പാസ് ബുക്കുകളും തമ്മിൽ പൊരുത്തപ്പെടുത്തിയതിൽ അപാകതയുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

എ) സ്റ്റേറ്റ് ബാങ്ക് അക്കൌണ്ട് (57045267608)- ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 4395/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് ഇല്ല. റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

ബി) ട്രഷറി ടി.എസ്.ബി അക്കൌണ്ട് റീകൺസിലിയേഷനിൽ താഴെ പറയുന്ന ചെക്കുകൾ 'ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റെഡ് ഇൻ ബാങ്ക്' എന്ന്

രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 1783012 | 08.10.2016 | 48799 |
| 2 | 1783011 | 08.10.2016 | 569302 |

ഇതേ ചെക്കുകൾ തന്നെ 04.11.2016-ന് "ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്റ്റഡ്" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പരിശോധനയിൽ ഇവ റദ്ദു ചെയ്ത ചെക്കുകളാണെന്ന് കാണുകയുണ്ടായി. എന്നാൽ അക്കൗണ്ടിംഗിലെ തെറ്റുകാരണം വരവ് ചെലവ് കണക്കുകളിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ട്.

സി) തനത് ഫണ്ട് അക്കൌണ്ട് (എസ്.ബി.ടി. (A/C No.67169635205)) റീകൺസിലിയേഷനിൽ താഴെ പറയുന്ന ചെക്ക് 'ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്റ്റഡ്' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 129148 | 21.12.2016 | 13194 |

ചെക്കുകളുടെ സാധുത 3 മാസക്കാലമാണ്. ചെക്ക് ഗ്രാമപഞ്ചായത്തിൽ തന്നവർക്കെതിരെ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

പ്രസ്തുത അക്കൗണ്ടിലെ 'ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റെഡ് ഇൻ ബാങ്ക്' എന്ന് രേഖപ്പെടുത്തിയ താഴെ പറയുന്ന മൂന്ന് വർഷം കഴിഞ്ഞ ലാപ്സ്ഡ് ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

| ക്രമ നം | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 594117 | 20.06.2013 | 578 |
| 2 | 594148 | 14.07.2014 | 4843 |
| 3 | 594146 | 18.07.2014 | 14675 |

ഡി) തനത് ഫണ്ടിന്റെ കോ.ഓപ്പ. ബാങ്ക് 882 അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 5831669/- രൂപയാണ്. എന്നാൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 4856236/- രൂപയാണ്.

10) നികുതി നികുതിയേതിര ഇനങ്ങളുടെ കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള ഡിമാണ്ടും കളക്ഷനും വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാണ്ടും കളക്ഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | വാർഷിക കണക്കുകൾ | കളക്ഷൻ രജിസ്റ്റർ പ്രകാരം |
|---|---|---|

| | ഡിമാണ്ട് | കളക്ഷൻ | ഡിമാണ്ട് | കളക്ഷൻ |
|---|---|---|---|---|
| ഡി&ഒ ലൈസൻസ് | 103850 | 104000 | 103850 | 105300 |
| തൊഴിൽ നികുതി(ട്രേഡ്സ്) | 318980 | 337980 | 275228 | 275228 |
| തൊഴിൽ നികുതി(എംപ്ലോയ്സ്) | 1216410 | 1195770 | 1217580 | 1184650 |
| വസ്തു നികുതി | 4671246 | 3168232 | (**)4535727 | 3153202 |
| വസ്തു നികുതി(കുടിശ്ശിക) | 924473 | 173707 | (**)182174 | 105832 |

(**)സഞ്ചയ റിപ്പോർട്ട് പ്രകാരം

11) കുടിശ്ശിക ഡിമാണ്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ നികുതി നികുതിയേതിര ഇനങ്ങളുടെ കുടിശ്ശികയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

12) വാർഷിക കണക്ക് പ്രകാരം ടി.എസ്.പി. ഫണ്ടിന്റെ വരവ് ചെലവ് 6150919/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം ചെലവ്. 6218919/-രൂപയാണ്.

13) ക്ഷേമപെൻഷൻ ചെലവിന്റെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

14) വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത തുക നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള പദ്ധതി നിർവ്വഹണത്തിനായുള്ള ബാങ്ക് അക്കൌണ്ടുകളിൽ (സാംഖ്യയിൽ ഉൾപ്പെടുത്താത്ത അക്കൌണ്ടുകളിലെ തുക) നീക്കിയിരിപ്പായുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് അക്കൌണ്ട് നമ്പർ | 31.03.2017-ലെ നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | വെറ്ററിനറി സർജൻ | 67056102580(സ്റ്റേറ്റ് ബാങ്ക്) | 2987691 |
| 2 | കൃഷി ഓഫീസർ | 57068379622 (സ്റ്റേറ്റ് ബാങ്ക്) | 3783617 |
| 3 | വി.ഇ.ഒ | 57068379644 (സ്റ്റേറ്റ് ബാങ്ക്) | 1300901 |
| 4 | ഹെഡ്മാസ്റ്റർ | 67350847416 സ്റ്റേറ്റ് ബാങ്ക് | 975757 |
| 5 | ഐ.സി.ഡി.എസ്. | 7068379757സ്റ്റേറ്റ് ബാങ്ക് | 116637 |
| 6 | വി.ഇ.ഒ. | 5768379644 സ്റ്റേറ്റ് ബാങ്ക് | 130090 |

15) അസി. എഞ്ചിനീയർ 6 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 397490 /- രൂപ കെ.എസ്.ഇ.ബി. - യ്ക്ക് നൽകിയിട്ടുണ്ട് . എന്നാൽ വാർഷിക കണക്കിൽ പ്രസ്തുത തുകകൾ മുൻകൂറായി ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നൽകിയ തുക |
|---|---|---|
| 1 | മുരിക്കലാടി കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 48020 |
| 2 | കൈലാസംകുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 103120 |
| 3 | ചെകിടിമൂല കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 49977 |
| 4 | തൊട്ടുവെട്ടി വയൽ കുടിവെള്ള പദ്ധതി നവീകരണം | 111629 |
| 5 | മാക്കുറ്റി കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 58244 |
| 6 | പുത്തൻകുന്ന് ഹെൽത്ത് സെന്റർ ടാങ്ക് നോട്ടോർ | 26500 |
| | ആകെ | 397490 |

16) ബഡ്ജറ്റ് ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിൽ ക്രമീകരിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബാലൻസ് ഷീറ്റിൽ ബി 15 (എ)ഷെഡ്യൂളിൽ തെറ്റായി 379869/- രൂപ വസ്തു നികുതിക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

ഓഡിറ്റ് എൻക്വയറി.നം. 31/16-17, തീയ്യതി 23/08/2017- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ ന്യൂനതകൾ കാരണം വാർഷിക കണക്കുകൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 -ലെ വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന അഭിപ്രായം രേഖപ്പെടുത്താൻ സാധ്യമല്ല. വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-2 പുതിയ നികുതിദായകർക്ക് 14-01-2011 മുതൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചില്ല.

സ.ഉ(അ.)നം. 20/2011/തസ്വഭവ തിയ്യതി 14.01.2011 പ്രകാരമുള്ള (നെൻമേനി ഗ്രാമപഞ്ചായത്തിൻേറ 17/12/2011 ലെ 8(1)നമ്പർ തീരുമാന പ്രകാരമുള്ള നിരക്കുകൾ) പുതിയ നികുതിദായകർക്ക് 14-01-2011 മുതൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ നെൻമേനി പഞ്ചായത്തിൽ ഇത് 01.04.2013 മുതൽ മാത്രമാണ് ഇത് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത് . ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | കെട്ടിടഉടമയുടെ പേര് | കെട്ടിട നമ്പർ/ തറ | വസ്തുനികുതി നിർണ്ണയിച്ച തിയ്യതി | നിർണ്ണയിച്ച വസ്തു നികുതി(വാർഷിക വാടകയുടെ | തറ വിസ്തീർണ്ണ ത്തിന്റെ അടിസ്ഥാ | കുറവായി നിർണ്ണയ വസ്തുനികുതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | വിസ്തീർണ്ണം (ച.മീ.) | | അടിസ്ഥാനത്തിൽ ലൈബ്രറി സെസ് അടക്കം) | നത്തിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി (ലൈബ്രറി സെസ് അടക്കം) | |
| 1 | പി.വി പൗലോസ് | 14/12-F മുതൽ G വരെ/64.12 | 27/03/2012 | 2268/- | 2968/- | 700/- |
| 2 | ജോൺ തറപ്പേൽ | 14/350-m മുതൽ vവരെ/211.37 | 27/07/2011 | 2270 | 10660 | 8390/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 25 /16-17/ 31.08.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഇത്തരത്തിൽ 14.01.2011 മുതൽ 31.03.2013 വരെ വസ്തുനികുതി വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച മുഴവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നല്കേണ്ടതുമാണ്.

## 2-3 2013-14 ന് വർഷത്തിന് മുൻപുള്ള വസ്തു നികുതി കുടിശ്ശിക സഞ്ചയയിൽ മാന്വലായി ജനറേറ്റ് ചെയ്തിട്ടില്ല

2013-14 ന് മുൻപുള്ള വസ്തു നികുതി കുടിശ്ശിക സഞ്ചയയിൽ മാന്വലായി ജനറേറ്റ് ചെയ്തിട്ടുണ്ടോയെന്നതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 25 /16-17/ 31.08.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈ കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടിയെയും ലഭിച്ച തുകയെയും സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നല്കേണ്ടതാണ്.

## 2-4 സ്വകാര്യഹോസ്റ്റൽ,ഹോംസ്റ്റേ ,ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ എന്നിവയ്ക്കുള്ള അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ചതിലെ അപാകതകൾ

സ.ഉ (അ) നം.36/2015/തസ്വഭവ തിയ്യതി 24/02/15 പ്രകാരം സ്വകാര്യഹോസ്റ്റൽ,ഹോംസ്റ്റേ എന്നിവയ്ക്ക് യഥാക്രമം 30/- രൂപയും,60/- രൂപയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോംമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം,കാന്റീൻ,,വർക്ക് ഷോപ്പ് എന്നിവയ്ക്ക് യഥാക്രമം 3/- രൂപയും,6/- രൂപയും മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർ പ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് യഥാക്രമം 15/- രൂപയും, 25/- രൂപയും ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾക്ക് യഥാക്രമം 150/- രൂപയും, 160 /- രൂപയുമാണ് കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തുനികുതി നിരക്കായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30.03.2017 ന് മാത്രമാണ് നെൻമേനി ഗ്രാമപഞ്ചായത്ത് അടിസ്ഥാന വസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്തത്(05/1 തീരുമാനം). എന്നാൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ തീരുമാനമെടുത്തത് 21.04.2017 ന് മാത്രമാണ്(തീരുമാനം നം.34/17). ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി തീരുമാനമെടുത്തത് 21.04.2017 മാത്രമായിരിക്കെ ഭരണസമിതി ഇക്കാര്യത്തിൽ 30.03.2017 ന് തീരുമാനമെടുത്തതെങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

മേൽ ഭരണ സമിതി തീരുമാനപ്രകാരം അടിസ്ഥാന നിരക്ക് നിശ്ചയിച്ചുവെങ്കിലും ഓഡിറ്റ് നടക്കുന്ന വേളയിലും ഇത് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല.

ഉദാ.2017-18 ലെ ലോഡ്ജിംഗ് ലൈസൻസ് പ്രകാരം ഹോംസ്റ്റേയായി പ്രവർത്തിക്കുന്ന 'ചീരാൽ ഗ്രീൻ ഹോംസ്റ്റേ'യ്ക്ക് 40/- രൂപയ്ക്കു പകരം ലോഡ്ജിന്റെ അടിസ്ഥാന നിരക്കായ 30/- നിരക്കിലാണ് വസ്തുനികുതി ഈടാക്കിയിട്ടുള്ളത്. നാളിതുവരെയായിട്ടും പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കാത്തതിന് വിശദീകരണം നല്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 27 /16-17/31.08.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ നെൻമേനി പഞ്ചായത്ത് പരിധിയിലെ മുഴുവൻ ഹോംസ്റ്റേ,ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് 24/02/2015 മുതലുള്ള കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള നെൻമേനി ഗ്രാമപഞ്ചായത്തിന്റെ 17.12.2011 ലെ 8(1) തിയ്യതി തീരുമാന പ്രകാരം 100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50 /- രൂപയാണ്. കൂടാതെ മേൽ ചട്ടത്തിലെ 3 ാം ചട്ടത്തിലെ ഉപചട്ടം 2,5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി അടിസ്ഥാന നിരക്ക് 40/-രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

1)

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | സ്കറിയ ഐക്കര കുന്നത്ത് |
| കെട്ടിടപെർമ്മിറ്റ് നം | ബി.പി-168/14 -15തിയ്യതി 04.11.2014 |

| | |
|---|---|
| പൂർത്തീകരണപ്ളാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | ഭൂനിരപ്പ് നില- 166 ച.മി<br>ഒന്നാംനില- 166 ച.മി<br>ആകെ-332 ച.മി (കാർപ്പറ്റ് വിസ്തീർണ്ണം-267.4 ച.മീ.) |

ഫയൽ പരിശോധിച്ചതിൽ നിലവിലെ കെട്ടിടത്തോട് ചേർന്ന് പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മിച്ച ഷീറ്റിട്ട കെട്ടിടം പൊളിച്ചു നീക്കുന്നതിന് 30/092016 ന് നോട്ടീസ് നല്കിയതായി കാണുന്നുവെങ്കിലും പിന്നീട് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഒരു നടപടിയുമുണ്ടായിട്ടില്ല. ആയതിനാൽ പഞ്ചായത്ത് അധികൃതരോടൊപ്പം സംയുക്ത സ്ഥലപരിശോധന നടത്തി. ആയതിൽ താഴെ പറയുന്ന കാര്യങ്ങൾ കണ്ടു.

1)മുൻഭാഗത്ത് മൂന്ന് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി കാണിച്ച സ്ഥലത്ത് നിലവിൽ ഷീറ്റിട്ട് വിവിധ കടകളിലെ സാധനങ്ങൾ അടുക്കി വെച്ചിരിക്കുന്നതായി കണ്ടു . പഞ്ചായത്തിൽ സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം ഈ കെട്ടിടത്തിന് 4 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 38 പ്രകാരം ഈ കെട്ടിടത്തിന് മൂന്ന് പാർക്കിംഗ് സ്ഥലം ആവശ്യമാണ്.

2) നാലാമത്തെ പാർക്കിംഗ് സ്ഥലമായി കാണിച്ച സ്റ്റെയർ കേസിന് സമീപത്തെ മുറി നിലവിൽ പലചരക്ക് കട,ഗോഡൗൺ എന്നിവയായി ഉപയോഗിക്കുകയാണ്(എവിപി സ്റ്റോർ) .

3)പൂർത്തീകരണ പ്ലാൻ പ്രകാരം ഈ കെട്ടിടത്തിന് പ്ലോട്ട് അതിരിൽ നിന്നും 1.5 മീറ്റർ പിന്നാമ്പുറമാണുള്ളത് . എന്നാൽ സ്ഥലപരിശോധന വേളയിൽ ഈ കെട്ടിടത്തോടു ചേർന്ന് 3.58മീറ്റർ വീതിയിൽ ഷീറ്റിട്ട സിമന്റ് കട്ടകൾകൊണ്ട് ചുമർകെട്ടിയ കെട്ടിടം നിർമ്മിച്ചതായി കണ്ടു.

പഞ്ചായത്ത് നല്കിയ പെർമിറ്റിന് വിരുദ്ധമായി നിർമ്മിച്ച 20/678-A മുതൽ S വരെ(I,O ഒഴിച്ചുള്ള) നമ്പറിട്ട കെട്ടിടത്തിനും പഞ്ചായത്തിന്റെ പെർമിറ്റില്ലാതെ നിർമ്മിച്ച ഷീറ്റിട്ട കെട്ടിടത്തിനും കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം പണി പൂർത്തിയാക്കിയ തിയ്യതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തിയ്യതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക ഈടാക്കേണ്ടതാണ്.

20/678-A മുതൽ S വരെ(I,Oഒഴിച്ചുള്ള നമ്പറിട്ട) കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

| ക്രമനം | നിർണ്ണയിച്ച വസ്തുനികുതി | ആകെ | നിർണ്ണയിക്കേണ്ടി |
|---|---|---|---|

| | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | ഉപയോഗക്രമം/ അടിസ്ഥാന നിരക്ക് | ഇളവ്(നില)/ വർദ്ധനവ്(വഴി സൗകര്യം-20 %) | ലൈബ്രറി സെസ്(5 %) | | യിരുന്ന വസ്തുനികുതി |
|---|---|---|---|---|---|---|---|
| 1 | 20/678/A ഭൂനിരപ്പ് നില | 6.8526 | ഭൂനിരപ്പ് നില-171.9 ച.മി ഉപയോഗക്രമം -ഷോപ്പ്.അടിസ്ഥാന നിരക്ക്-40/- രൂപ-വർദ്ധനവ്(വഴി സൗകര്യം)-20 %.ഇളവ് മേഖല-ദ്വിദീതിയം-10 %. ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=7571/-<br>ലൈബ്രറിസെസ്-382/-<br>ആകെ-7953/- | | | | പൂർത്തീകരണപ്ളാൻ പ്രകാരം ഭൂനിരപ്പ് നിലയുടെ -വിസ്തീർണ്ണം- 166 ച.മീ ആണെങ്കിലും ഫോം-6 പ്രകാരവും ഫയൽ പ്രകാരവും 171.9 ച.മീ തറ വിസ്തീർണ്ണമുണ്ട്.ഈടാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നിരക്ക്-150/-രൂപ(അനധികൃത കെട്ടിടമായതിനാൽ മൂന്നിരട്ടി)(വർദ്ധനവ്(വഴി സൗകര്യം)-20 %,ഇളവ് മേഖല-ദ്വിദീതിയം-10 %. =171.9 x150x1.1=28364/-<br>ലൈബ്രറി സെസ് 5%=1418/-<br>ആകെ-29782/- |
| 2 | 20/678/B | 17.1759 | | | | | |
| 3 | 20/678/C | 23.8554 | | | | | |
| | 20/678/D | 25.2867 | | | | | |
| | 20/678/E | 25.2867 | | | | | |
| | 20/678/F | 60.9053 | | | | | |
| | 20/678/G | 8.68666 | | | | | |
| | 20/678/H | 3.94484 | | | | | |
| 17 | 20/678/J | 20.48 | ഒന്നാംനില- ഉപയോഗക്രമം -ഷോപ്പ്.തറ വിസ്തീർണ്ണം-167.475 ച.മി. അടിസ്ഥാന നിരക്ക്-40/- രൂപ-<br>നിർണ്ണയിച്ച വസ്തുനികുതി= 5832/-<br>ലൈബ്രറിസെസ് 5%=292/-ആകെ-6124/-<br>ആകെ നിർണ്ണയിച്ച വസ്തു നികുതി =14077/- | | | | പൂർത്തീകരണപ്ളാൻ പ്രകാരം ഒന്നാംനിലയുടെ തറ വിസ്തീർണ്ണം=166 m2 ആണെങ്കിലും ഫോം-6 പ്രകാരവും ഫയൽ പ്രകാരവും 167.475 ച.മീ തറ വിസ്തീർണ്ണമുണ്ട്. ഈടാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നിരക്ക്-150/-രൂപ(അനധികൃത കെട്ടിടമായതിനാൽ മൂന്നിരട്ടി)-(വർദ്ധനവ്(വഴി സൗകര്യം)-20 %,ഇളവ് |
| 18 | 20/678/K | 40.36 | | | | | |
| 19 | 20/678/L | 18.66 | | | | | |
| 20 | 20/678/M | 18.66 | | | | | |

| | | | | |
|---|---|---|---|---|
| | 20/678/N | 17.99 | | മേഖല-ദ്വിദീതിയം-10 %. ലൈബ്രറി സെസ് 5% .<br>ഈടാക്കേണ്ട വസ്തുനികുതി =167.475 x150x1.1=27633/-<br>നിലയ്ക്ക് ഇളവ് = 5% = 1382/-<br>നിലയിളവ് കഴിച്ചുള്ള വസ്തു നികുതി = 26251/-<br>ലൈബ്രറി സെസ് 5%=1313/-<br>ആകെ-27564/- |
| | 20/678/P | 13.43 | | |
| | 20/678/Q | 7.155 | | |
| | 20/678/R | 12.91 | | |
| | 20/678/S | 17.83 | | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 43269/- രൂപയുടെ കുറവുണ്ട്(57346-14077). ആയതിന് വിശദീകരണം നല്കേണ്ടതാണ്.

2. ശ്രീ. യു.എ അബ്ദുൾ അസീസ്, പി.കെ സറീന , ഉപ്പളത്ത് എന്നിവരുടെ ഉടമസ്ഥതയിലുള്ള നിലവിലെ 6/214 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബ്ളൂ സ്റ്റാർ കോഫീ ക്യൂറിംഗ് വർക്ക്സ്,മലങ്കര എന്ന വ്യവസായ സ്ഥാപനത്തോട് (തറ വിസ്തീർണ്ണം-604 ച.മീ) ചേർന്ന് നിർമ്മിച്ച 564 ച.മീ. തറവിസ്തീർണ്ണമുള്ള വ്യവസായ കെട്ടിടത്തിന് 03.05.2016 ന് ഇവർ സമർപ്പിച്ച ക്രമവത്ക്കരണ പ്ലാൻ പ്രകാരം കെട്ടിട നമ്പർ നല്കിയിട്ടില്ല. നിലവിൽ ഈ വ്യവസായിക കെട്ടിട സമുച്ചയത്തിന്റെ ആകെ തറ വിസ്തീർണ്ണം 1168 ച.മീ. ആയതിനാൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 59(2) പ്രകാരം ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരം ആവശ്യമായതിനാലാണ് പഞ്ചായത്ത് കെട്ടിടനമ്പർ നല്കാതിരുന്നത്. ഈ കെട്ടിടത്തിൽ 29.08.2017 ന് സംയുക്ത പരിശോധന നടത്തി. പഞ്ചായത്ത് അധികൃതരോടൊപ്പമുള്ള പരിശോധനയിൽ ഈ കെട്ടിടം കാപ്പികുരു സൂക്ഷിക്കുന്ന ഗോഡൗണായി പ്രവർത്തിക്കുന്നതായി കണ്ടു. പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് നിലവിൽ ഈ കെട്ടിടം പ്രവർത്തിക്കുന്നത്. ആയതിനാൽ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം 03.05.2016 മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തിയ്യതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക ഈടാക്കേണ്ടതാണ്. ആയതിനാൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

അടിസ്ഥാന നിരക്ക്-150/-രൂപ(അനധികൃത കെട്ടിടമായതിനാൽ മൂന്നിരട്ടി)(വർദ്ധനവ്(വഴി സൗകര്യം)-20 %=564 x150x1.2=101520/-

ലൈബ്രറി സെസ് 5%=5076/-

ആകെ-106596/-

3)

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | രാധ മുതൽ പേർ പൊരിമ്മൽ , ചീരാൽ |
| പൂർത്തീകരണപ്ളാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | ഭൂനിരപ്പ് നില- 112.457 ച.മി<br>കെട്ടിട നം.9/167-A മുതൽ E വരെ |

4)

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | ജിൻസ് അഗസ്റ്റിൻ,വല്ലപ്രായിൽ,പുത്തൻകുന്ന് |
| പൂർത്തീകരണപ്ളാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | ഭൂനിരപ്പ് നില-220.75 ച.മി<br>കെട്ടിട നം8/1-A മുതൽ 1- H വരെ |

മേൽപ്പരാമർശിച്ച അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 28 /16-17/31.08.17 ന് മറുപടി ലഭിച്ചില്ല. മേൽപ്പരാമർശിച്ച വാണിജ്യകെട്ടിടങ്ങളുൾപ്പെടെ നെൻമേനി പഞ്ചായത്തിലെ 100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള മുഴവൻ വാണിജ്യകെട്ടിടങ്ങളുടെയും അടിസ്ഥാന വസ്തുനികുതി ചതുരശ്രമീറ്ററിന് 50 /- നിരക്കിൽ( അനധികൃത കെട്ടിടങ്ങൾക്ക് മൂന്നിരട്ടി-150/- രൂപ നിരക്കിൽ) പുനർ നിർണ്ണയിച്ച് വസ്തുനികുതി കുടിശ്ശിക പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നല്കേണ്ടതാണ്.

## 2-6 എടയ്ക്കൽ ഗുഹ പ്രദേശത്ത് റിസോർട്ടുകൾക്ക് നിയമാനുസൃതമല്ലാതെ കെട്ടിട പെർമിറ്റ് നല്കി .

ശ്രീ. മുഹമ്മദ് മുസ്തഫ (ക്രെസന്റ്,കല്ലുവയൽ,ബത്തേരി) എന്നവർക്ക് നെൻമേനി വില്ലേജിലെ റീ സർവ്വേനം.215/1A1A ൽപ്പെട്ട 4702 ച.മീ. സ്ഥലത്ത് 1897.91 ച.മീ തറവിസ്തീർണ്ണമുള്ള റിസോർട്ട് പണിയുന്നതിന് ബിപി/നം/187/ 2016 തിയ്യതി 16/11/2016 പ്രകാരം കെട്ടിട പെർമിറ്റ് നല്കി. പെർമിറ്റ് നല്കിയതിലെ ഒരു വ്യവസ്ഥ ഈ പ്ലോട്ട് എടയ്ക്കൽ ഗുഹയുടെ സംരക്ഷിത മേഖലയിൽ വരുന്നില്ല എന്ന നിഗമനത്തിൽ പെർമിറ്റ് നല്കുന്നുവെന്നതാണ്.

ജി.ഒ.(ആർ.ടി) നം.272/2013/സാം.കാ. വ തിയ്യതി 01.06.2013 പ്രകാരം ബത്തേരി താലൂക്കിലെ നെൻമേനി വില്ലേജിൽപ്പെട്ട 215/1A1A സർവ്വേനമ്പറിൽപ്പെട്ട എടയ്ക്കൽ ഗുഹയ്ക്ക്

ചുറ്റുമുള്ള 35 ഏക്കർ ഭൂമിയും വടക്ക്,കിഴക്ക് , തെക്ക് അതിർത്തികളിൽ 300 മീറ്ററിനുള്ളിൽ വരുന്ന റവന്യൂ പുറമ്പോക്ക് ഭൂമിയും സംരക്ഷിത പ്രദേശമായി പ്രഖ്യാപിക്കുവാൻ ഉദ്ദേശിച്ച് സർക്കാർ വിജ്ഞാപനം ഇറക്കി. 2010ലെ The Ancient Monuments and Archaeological sites and Remains (Amendment and Validation )Act 2010 ലെ ചട്ടം 20-എ പ്രകാരം സംരക്ഷിത പ്രദേശത്തിന്റെ അതിർത്തിയിൽ എല്ലാ ദിശയിലേക്കുമുള്ള 100 മീറ്റർ ദൂരം നിരോധിത മേഖലയും ചട്ടം 20-B പ്രകാരം നിരോധിത മേഖലയുടെ അതിർത്തിയിൽ നിന്നും എല്ലാ ദിശയിലേക്കുമുള്ള 200 മീറ്റർ ദൂരം നിയന്ത്രിതമേഖലയുമാണ്. നിരോധിത മേഖലയിൽ യാതൊരു നിർമ്മാണ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്. നിയന്ത്രിത മേഖലയിൽ കേന്ദ്രത്തിന്റെയോ സംസ്ഥാനത്തിന്റെയോ ആർക്കിയോളജി ഡയറക്ടറിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ അനുമതിയോടുകൂടി മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ.

ഈ റിസോർട്ടിന് പുറമെ ,മേൽപ്പരാമർശിച്ച വ്യവസ്ഥകൾ പ്രകാരമാണോ എടയ്ക്കൽ ഗുഹയ്ക്ക് സമീപമുള്ള എടയ്ക്കൽ ഹെർമ്മിറ്റേജ് റിസോർട്ട്,എടക്കൽ ഹോളിഡേ ഹോം റിസോർട്ട് ,എടയ്ക്കൽ വില്ലേജ് റിസോർട്ട് എന്നിവ നിർമ്മിച്ചിട്ടുതെന്നും വ്യക്തമാക്കിയില്ല. ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയതുമില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 29 /16-17/ 31.08.17). ആയതിനാൽ 1997 ലെ കേരളപഞ്ചായത്ത് രാജ് ഓഡിറ്റ് സംവിധാനവും പരിശോധന രീതിയും ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം രേഖകൾ ഇല്ലായെന്ന നിഗമനത്തിൽ മേൽപ്പരാമർശിച്ച റിസോർട്ടുകൾക്ക് നല്കിയ കെട്ടിട പെർമിറ്റ് റദ്ദാക്കേണ്ടതും അനധികൃത കെട്ടിടങ്ങളായി കണ്ട്, കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം പണി പൂർത്തിയാക്കിയ തിയ്യതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തിയ്യതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

## 2-7 റിസോർട്ടുകൾക്ക് വസ്തുനികുതി ഈടാക്കുന്നതിലെ അപാകതകൾ

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 17/12/2011 തിയ്യതിയിലെ 8(1) നമ്പർ തീരുമാന പ്രകാരം( ഫയൽ നം. എ3-4323/11 തിയ്യതി 23.12.2011 ) റിസോർട്ടുകളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 85 /- രൂപയാണ്. എന്നാൽ ഇതിനു വിരുദ്ധമായി പല റിസോർട്ടുകളെയും ലോഡ്ജ് ആയി പരിഗണിച്ചാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ആയതിനാൽ വസ്തു നികുതി നിർണ്ണയത്തിനായി 85/- രൂപയ്ക്കു പകരം 30/-രൂപയാണ് അടിസ്ഥാന വസ്തുനികുതിക്കായി കണക്കിലെടുത്തിട്ടുള്ളത്. പല സ്ഥാപനങ്ങളെ സംബന്ധിച്ചും ഇന്റർനെറ്റിലും സ്ഥാപനങ്ങളുടെ മുൻപിലുള്ള ബോർഡിലും സ്ഥാപനം റിസോർട്ടാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. കൂടാതെ 'ലോഡിജിംഗ്' ലൈസൻസിനോടൊപ്പം സമർപ്പിച്ച കേരളസംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതിപത്രപ്രകാരം സ്ഥാപനം റിസോർട്ടാണ്. എന്നാൽ ഈ സ്ഥാപനങ്ങളെ ലോഡ്ജായാണ് പരിഗണിച്ചാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

കൂടാതെ എടയ്ക്കൽ ഗുഹ പ്രദേശത്തിനടുത്തുള്ള ചില റിസോർട്ടുകൾ പഞ്ചായത്തിന്റെ അനുമതിയില്ലാതെയും എടയ്ക്കൽഗുഹ പ്രദേശത്തെ സർക്കാർ നിയന്ത്രണങ്ങൾക്കധീതമായുമാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ 29/08/2017 ന് പഞ്ചായത്ത് അധികൃതരോടൊപ്പം ഏതാനും സ്ഥാപനങ്ങളിൽ സംയുക്തമായി സ്ഥലപരിശോധന നടത്തി. സ്ഥലപരിശോധനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

i) അമിഡ കാസിൽ റിസോർട്ട്

ഇന്റർനെറ്റിലും സ്ഥാപനത്തിന് മുൻപിൽ വെച്ച ബോർഡിലും അമിഡ കാസിൽ റിസോർട്ട് എന്നാണ് സ്ഥാപനത്തിന്റെ പേര്. കൂടാതെ ലോഡ്ജിംഗ് ലൈസൻസിനോടൊപ്പം സമർപ്പിച്ച ഹെൽത്ത് ഇൻസ്പെക്ടറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ സ്ഥാപനം റിസോർട്ടാണ്. എന്നാൽ ഈ സ്ഥാപനത്തെ ലോഡ്ജായാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | വിൻസൻറ് സാമുവൽ |
| കെട്ടിട നം | 3/537/A |
| കെട്ടിട പെർമിറ്റ് നം/തറ വിസ് | എ-3-128/13 തിയ്യതി 01.03.13/505.08 ച.മീ |
| പൂർത്തീകരണ പ്ലാൻ പ്രകാരം തറ വിസ്തീർണ്ണം(05.06.2014 ൽ സമർപ്പിച്ചത്) | ഭൂനിരപ്പ് നില-271.62 ച.മി<br>ഒന്നാം നില- 300.75 ച.മി |

| ക്രമനം | നിർണ്ണയിച്ച വസ്തുനികുതി | | | | | ആകെ | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|---|---|---|
| | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | ഉപയോഗക്രമം/ അടിസ്ഥാന നിരക്ക് | ഇളവ്(നില)/ വർദ്ധനവ്(വഴി സൗകര്യം-20 %) | ലൈബ്രറി സെസ്(5 %) | | |
| 3/537-A ഭൂനിരപ്പ് നില +ഒന്നാം നില<br>572.37 (271.62+300.75) | | | ഫോം-6 പ്രകാരം കെട്ടിടത്തിൻെറ തറ വിസ്തീർണ്ണം 572.37 ച.മി ഉപയോഗക്രമം – ലോഡ്ജ്. അടിസ്ഥാന നിരക്ക്-30/- രൂപ- വർദ്ധനവ് (വഴി സൗകര്യം)-20 %, എയർ കണ്ടീഷൻ 10% ഇളവ്- ദ്വിതീയ മേഖല -10 | | | | കെട്ടിടത്തിൻെറ തറ വിസ്തീർണ്ണം 572.37 ച.മി ഉപയോഗക്രമം -റിസോർട്ട്. അടിസ്ഥാന നിരക്ക്-85/- ഈടാക്കേണ്ട |

| | | |
|---|---|---|
| | % ലൈബ്രറിസെസ്-5 %. നിർണ്ണയിച്ച വസ്തുനികുതി=20606/-<br>ലൈബ്രറിസെസ്-1031/-<br>ആകെ-21637/- | വസ്തുനികുതി((വർദ്ധനവ്(വഴി സൗകര്യം)-20%, എയർ കണ്ടിഷൻ- 10%. ഇളവ്- ഇളവ്- ദ്വിതീയ മേഖല -10 %) =572.37x85x1.2=58382/-<br>ലൈബ്രറി സെസ് 5%=2919/-<br>ആകെ-61301/- |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 39664/- രൂപയുടെ കുറവുണ്ട്(61301-21637). ആയത് പൂർത്തീകരണ പ്ളാൻ സമർപ്പിച്ച 05.06.2014 മുതൽ പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ii) എടയ്ക്കൽ ഗുഹ പ്രദേശത്തിനടുത്തുള്ള റിസോർട്ടുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

എടയ്ക്കൽ ഗുഹ പ്രദേശത്തിനടുത്തുള്ള താഴെപ്പറയുന്ന റിസോർട്ടുകൾ ജി.ഒ.(ആർ.ടി) നം.272/2013/സാം.കാ.വ തിയ്യതി 01.06.2013 , 2010ലെ The Ancient Monuments and Archaeological sites and Remains (Amendment and Validation )Act 2010 ലെ ചട്ടം 20-എ ,20-ബി ( ഇവയുടെ വിശദാംശം കെട്ടിട പെർമിറ്റ് നല്കിയതിലെ അപാകതകൾ സംബന്ധിച്ച ഖണ്ഡികയിൽ കൊടുത്തിട്ടുണ്ട്)എന്നിവ പാലിച്ചാണോ നിർമ്മിച്ചിട്ടുള്ളതെന്ന് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 29 /16-17/ 31.08.17 ന് മറുപടി ലഭിച്ചില്ല.

1) എടക്കൽ ഹോളിഡേ ഹോം റിസോർട്ട്

29.08.2017 ന് നടത്തിയ സ്ഥലപരിശോധനയിൽ ഈ റിസോർട്ടിന്റെ മുൻമ്പിൽ സ്ഥാപനത്തിന്റെ പഴയ പേരായ വേദാന്ത വേയ്ക്ക് അപ്പ് എന്ന ബോർഡ് കണ്ടു. ഇന്റർനെറ്റിലും ലോഡിജിംഗ്' ലൈസൻസിനോടൊപ്പം സമർപ്പിച്ച കേരളസംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതിപത്രം എന്നിവ പ്രകാരം ഈ സ്ഥാപനം റിസോർട്ടാണ്.കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

കെട്ടിട ഉടമ-ഉസ്മാൻ പാറത്തൊടുകയിൽ,നായ്ക്കെട്ടി . കെട്ടിട പെർമിറ്റ് നം.എ3-20/2013 തിയ്യതി 06.02.13. തറവിസ്തീർണ്ണം-435.34 ച.മീ. റീ .സർവ്വേനം.215/1A1A. 05.11.2014 ലെ പൂർത്തീകരണ പ്ലാൻ പ്രകാരം തറവിസ്തീർണ്ണം-701.68 ച.മീ (ഫയൽനം. എ-3-8794/14 )

1) 216.32 ച.മീ (ഭൂനിരപ്പ് നില)

2) 251.44 ച.മീ(ഒന്നാം നില)

3)233.92 ച.മീ (രണ്ടാം നില)

ആകെ-701.68 ച.മീ

മേൽ കെട്ടിടങ്ങളെ ലോഡ്ജായി പരിഗണിച്ച് യഥാക്രമം 1/428-A1 മുതൽ D1 വരെയും 1/428-E മുതൽ K

വരെയുമാണ് നമ്പർ നല്കിയിട്ടുള്ളത്.

പൂർത്തീകരണ പ്ലാൻ പ്രകാരം ഇദ്ദേഹത്തിന്റെ കെട്ടിടങ്ങൾക്ക് യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്

| ക്രമനം | നിർണ്ണയിച്ച വസ്തുനികുതി | | | | | ആകെ | നിർണ്ണ യിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|---|---|---|
| | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | ഉപയോഗ ക്രമം/ അടിസ്ഥാന നിരക്ക് | ഇളവ്(നില)/ വർദ്ധനവ്(വഴി സൗകര്യം-20 %) | ലൈബ്രറി സെസ്(5 %) | | |
| 1 | 1/428-A1 ഭൂനിരപ്പ് നില | 83.02 | ഫോം-6 പ്രകാരം കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം 701.68ച.മി. ഉപയോഗക്രമം -ലോഡ്ജ്. അടിസ്ഥാന നിരക്ക്-30/- രൂപ-വർദ്ധനവ്(വഴി സൗകര്യം)-20 %.ഇളവ്-തൃതീയ മേഖല-20 %.ലൈബ്രറിസെസ്-5 %<br>നിർണ്ണയിച്ച വസ്തുനികുതി=21055/-<br>ലൈബ്രറിസെസ്-1058/-<br>ആകെ-22113/- | | | | പൂർത്തീകരണപ്ളാൻ പ്രകാരം കെട്ടിടങ്ങളുടെ തറ - വിസ്തീർണ്ണം- 701.68m2 . ഉപയോഗക്രമം -റിസോർട്ട്. അടിസ്ഥാന നിരക്ക്-85/- ഈടാക്കേണ്ട വസ്തുനികുതി(വർദ്ധനവ്(വഴി സൗകര്യം)-20 %,ഇളവ്-തൃതീയ മേഖല-20 %=701.68x85/-=59643/-<br>ലൈബ്രറി സെസ് 5%=2982/-<br>ആകെ-62625/- |
| 2 | 1/428-B1 | 73.85 | | | | | |
| 3 | 1/428-C1 | 59.45 | | | | | |
| | | | | | | | |
| 4 | ഒന്നാംനില 1/428/D1 | 82.51 | | | | | |
| 5 | 1/428/E | 58.73 | | | | | |

| | | |
|---|---|---|
| 6 | 1/428/F | 37.43 |
| 7 | 1/428/G | 36.39 |
| 8 | 1/428/H | 36.38 |
| 9 | രണ്ടാംനില<br>1/428/I | 94.95 |
| 10 | 1/428/J | 65.02 |
| 11 | 1/428/K | 73.95<br>ആകെ<br>701.68<br>ച.മി. |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 40512/- രൂപയുടെ കുറവുണ്ട്(62625-22113). ആയത് പൂർത്തീകരണപ്ളാൻ സമർപ്പിച്ച 05.11.2014 മുതൽ പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) എടയ്ക്കൽ ഹെർമ്മിറ്റേജ്,റിസോർട്ട്

ഇന്റർനെറ്റിലും സ്ഥാപനത്തിന്റെ ബ്രോഷർ എന്നിവയിലും സ്ഥാപനത്തിന്റെ പേര് എടയ്ക്കൽ ഹെർമ്മിറ്റേജ് റിസോർട്ട് എന്നാണ്.

29.08.2017 ന് നടത്തിയ സ്ഥലപരിശോധന വേളയിൽ എടയ്ക്കൽ ഗുഹയ്ക്ക് സമീപം എടയ്ക്കൽ ഹെർമ്മിറ്റേജ് റിസോർട്ട് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായി കണ്ടു. ഈ സ്ഥാപനത്തിൽ താഴെപ്പറയും പ്രകാരമുള്ള കെട്ടിടങ്ങൾ ഉള്ളതായും കൂടെ വന്ന പഞ്ചായത്ത് അധികൃതർ കാണിച്ചു തന്നു.

1) കെട്ടിട നം.1/414-ഓഫീസും സ്റ്റാഫ് റൂമും( രണ്ട് നില)

2) കെട്ടിട നം.1/415-സിംഗിൾ കോട്ടേജ്

3) കെട്ടിട നം പതിച്ചിട്ടില്ല- സിംഗിൾ കോട്ടേജ്

4) കെട്ടിട നം.1/417-സിംഗിൾ കോട്ടേജ്

5) കെട്ടിട നം.1/418-സിംഗിൾ കോട്ടേജ്

6)കെട്ടിട നം.1/419-സിംഗിൾ കോട്ടേജ്

7)കെട്ടിട നം.1/420-ഫോർ ബെഡ് റൂമുകളുള്ള കോട്ടേജ്.

8) കെട്ടിട നം.23/621-കിച്ചണും സ്റ്റാഫ് റൂമും

9)കെട്ടിട നം.23/624-ട്വിൻ കോട്ടേജ്

10) കെട്ടിട നം പതിച്ചിട്ടില്ല-റസ്റ്റോറന്റ്

എന്നാൽ സഞ്ചയ പരിശോധിച്ചതിൽ ഈ കെട്ടിടനമ്പറുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല.

ഈ റിസോർട്ടുമായി ബന്ധപ്പെട്ടത് എന്ന് പറഞ്ഞ് ഓഡിറ്റിന് ഹാജരാക്കിയ താഴെപ്പറയുന്ന ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1) എ-3-9843/14 ഫയൽ പരിശോധിച്ചതിൽ ശ്രീ .ടി. രവീന്ദ്രൻ (ഗോവിന്ദ,പ്ലോട്ട് നം.10,റോക്ക് വാലി ഹൗസിംഗ് കോംപ്ലക്സ് ,കൊളഗപ്പാറ) എന്നവർ 261.25 ച.മീ തറവിസ്തീർണ്ണമുള്ള റിസോർട്ടിന്റെ ക്രമവത്ക്കരണ പ്ലാൻ 11.12.2014 ൽ സമർപ്പിച്ചതായി കാണുന്നു. ആയതിൻമേൽ നിർമ്മാണം പുരാവസ്തു വകുപ്പ് അനുശാസിക്കുന്ന നിയമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എ.ഇ. യോട് ആവശ്യപ്പെടാവുന്നതാണ് എ-3 സെക്ഷൻ ക്ലാർക്ക് കുറിപ്പ് ഫയലിൽ എഴുതിയിട്ടുണ്ട്( തിയ്യതി വ്യക്തമല്ല).

2) എ-3-9842/14 ഫയൽ പരിശോധിച്ചതിൽ ശ്രീ .സിബിരാജ് രവീന്ദ്രൻ (ഗോവിന്ദ,പ്ലോട്ട് നം.10,റോക്ക് വാലി ഹൗസിംഗ് കോംപ്ലക്സ് ,കൊളഗപ്പാറ) എന്നവർ 139.36 ച.മീ തറവിസ്തീർണ്ണമുള്ള റിസോർട്ടിന്റെ ക്രമവത്ക്കരണ പ്ലാൻ 11.12.2014 ൽ സമർപ്പിച്ചതായി കാണുന്നു. ആയതിൻമേൽ നിർമ്മാണം പുരാവസ്തു വകുപ്പ് അനുശാസിക്കുന്ന നിയമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എ.ഇ യോട് ആവശ്യപ്പെടാവുന്നതാണ് എ-3 സെക്ഷൻ ക്ലാർക്ക് കുറിപ്പ് ഫയലിൽ എഴുതിയിട്ടുണ്ട്( തിയ്യതി വ്യക്തമല്ല).

എന്നാൽ ഇതുവരെയും ഈ കെട്ടിടങ്ങൾ പരിശോധിച്ച് തുടർനടപടിയെടുത്തതായി കാണുന്നില്ല. സ്ഥലപരിശോധനയിൽ കണ്ട കെട്ടിടനമ്പർ പതിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചതായി സഞ്ചയയിൽ കാണുന്നില്ല. ആയതിനാൽ പഞ്ചായത്ത് ക്രമവത്ക്കരണ പ്ലാൻ അംഗീകരിക്കാത്ത ഈ റിസോർട്ട്, പഞ്ചായത്തിന്റെ അനുമതിയില്ലാതെയും വസ്തുനികുതിയും അടയ്ക്കാതെയും നിയമവിരുദ്ധമായി പ്രവർത്തിച്ചുവരുന്നതായാണ് കാണുന്നത്.

എടയ്ക്കൽ ഗുഹ പ്രദേശത്തിനടുത്ത സ്ഥിതിചെയ്യുന്ന ഈ റിസോർട്ടുകൾ നിയമാനുസൃതമായാണ് നിർമ്മിച്ചത് എന്നത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഈ കെട്ടിടങ്ങളെ അനധികൃത കെട്ടിടങ്ങളായി കണ്ട് , കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം 11.12.2014 മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തിയ്യതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി

നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക ഈടാക്കേണ്ടതാണ്.

3) എടയ്ക്കൽ വില്ലേജ് റിസോർട്ട്,അമ്പുകുത്തി

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | ബാലകൃഷ്ണൻ എൻ.സി |
| കെട്ടിട പെർമിറ്റ് നം/തറ വിസ്തീർണ്ണം | ബി.പി നം.107/13-14 തിയ്യതി 25/03/2014 /976.2 ച.മീ |
| കെട്ടിട നം | 1/541-A മുതൽ K വരെ |
| തറ വിസ്തീർണ്ണം(20.04.2017 ൽ സമർപ്പിച്ച ഭാഗിക പൂർത്തീകരണ പ്ലാൻ പ്രകാരം) | ഭൂനിരപ്പ് നില-396.8 ച.മി<br>ഒന്നാം നില- 222.83 ച.മി |

ഈ റിസോർട്ടിലെ റസ്റ്റോറന്റായി ഉപയോഗിക്കുന്ന 1/541-C കെട്ടിടത്തിന് (തറ വിസ്തീർണ്ണം- ഭൂനിരപ്പ് നില-64.23 ച.മീ,ഒന്നാം നില-70.48 ച.മീ.) 50/- നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഈ കെട്ടിട സമുച്ചയം റിസോർട്ടെന്ന ഉപയോഗക്രമത്തിൽ വരുന്നതിനാൽ റസ്റ്റോറന്റായി ഉപയോഗിക്കുന്ന കെട്ടിടത്തിനും റിസോർട്ടിന്റെ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത് . വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | നിർണ്ണയിച്ച വസ്തുനികുതി | | | | | ആകെ | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|---|---|---|
| | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | ഉപയോഗ ക്രമം/ അടിസ്ഥാന നിരക്ക് | ഇളവ്(നില)/ വർദ്ധനവ് (വഴി സൗകര്യം-20 %) | ലൈബ്രറി സെസ്(5 %) | | |

| | | |
|---|---|---|
| 1/541-C ഭൂനിരപ്പ് നില +ഒന്നാം നില | ഫോം-6 പ്രകാരം തറ വിസ്തീർണ്ണം - 134.71 ച.മി ഉപയോഗക്രമം -റസ്റ്റോറന്റ്. അടിസ്ഥാന നിരക്ക്-50/- രൂപ-വർദ്ധനവ്(വഴി സൗകര്യം)-20 %. ഇളവ്- മേഖല-തൃതീയം-20 % ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=6062/-<br>ലൈബ്രറിസെസ്-304/-<br>ആകെ-6366/- | കെട്ടിടത്തിൻെറ തറ - വിസ്തീർണ്ണം- 134.71 ച.മീ. ഉപയോഗക്രമം -റിസോർട്ട്. അടിസ്ഥാന നിരക്ക്-85/- ഈടാക്കേണ്ട വസ്തുനികുതി((വർദ്ധനവ്(വഴി സൗകര്യം)-20 %,ഇളവ്- മേഖല-തൃതീയം-20 %=134.71 x85=11450/-<br>ലൈബ്രറി സെസ് 5%=573/-<br>ആകെ-12023/- |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 5657 രൂപയുടെ കുറവുണ്ട്(12023-6366).

ആയത് പൂർത്തീകരണപ്ളാൻ സമർപ്പിച്ച 20.04.2017 മുതൽ ബന്ധപ്പെട്ടവരിൽ നിന്നും പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

എടയ്ക്കൽ ഗുഹ പ്രദേശത്തിനടുത്തുള്ള മേൽപ്പരാമർശിച്ച റിസോർട്ടുകൾ ജി.ഒ.(ആർ.ടി) നം.272/2013 /സാം.കാ. വ തിയ്യതി 01.06.2013 ,2010ലെ The Ancient Monuments and Archaeological sites and Remains (Amendment and Validation )Act 2010 ലെ ചട്ടം 20-എ ,20-ബി എന്നിവയ്ക്ക് വിരുദ്ധമായാണ് നിർമ്മിച്ചിട്ടുള്ളതെങ്കിൽ (ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 29 /16-17/ 31.08.17 ന് മറുപടി ലഭിച്ചില്ല) ഈ റിസോർട്ടുകളെ അനധികൃത കെട്ടിടങ്ങളായി കണ്ട് , കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം പണി പൂർത്തിയാക്കിയ തിയ്യതി മുതൽ ആ കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്ന തിയ്യതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നല്കേണ്ടതുമാണ്.

## 2-8 ഡി&ഒ ലൈസൻസ്,തൊഴിൽ നികുതി,സ്ഥാപന തൊഴിൽനികുതി പിരിവ് അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ താഴെ കൊടുക്കുന്നു.

**1.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 18റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചതിന്റെ രേഖകളും അവയിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.**

2.ഡി&ഒ ലൈസൻസിനുള്ള അപേക്ഷാ ഫോമിൽ രേഖപ്പെടുത്തിയ വിറ്റുവരവിനനുസരിച്ചുള്ള ലൈസൻസ് ഫീസ്( ലൈസൻസ് നം.എ7-252/16-17 തിയ്യതി.15/06/16) ഈടാക്കിയിട്ടില്ല.അപേക്ഷാ ഫോമിൽ 15000/- രൂപ ഒരു ദിവസത്തെ വിറ്റുവരവായി കാണിച്ചിട്ടുണ്ടെങ്കിലും ലൈസൻസ് ഫീസ് 500/- രൂപയ്ക്ക് പകരം 200/- രൂപയാണ് ഈടാക്കിയത്. വിറ്റുവരവിനനുസരിച്ചുള്ള സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല.

3. സെയിൽ ടാക്സ് രജിസ്ട്രേഷൻ ഉള്ള വയനാട് ഗ്രീൻ ടീ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിൽ(CIN NO:U01132KL2013PTC034463) നിന്ന് മതിയായ സ്ഥാപന തൊഴിൽനികുതി ഈടാക്കാത്തതിന്റെ വിവരം ലഭ്യമല്ല.

4. ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം കാണിച്ചിട്ടുണ്ടെങ്കിലും ഇവരുടെയൊന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫയൽ നം./ലൈസൻസ് നം. | ഉടമസ്ഥന്റെ പേര്/സ്ഥാപനത്തിന്റെ പേര്. | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 252 | നിർമ്മൽ ഏജൻസീസ് | 7 |
| 2 | 16 | സ്വാതി കറി പൗഡർ | 5 |
| 3 | 114 | ഉഡിവെ ഡൈവിംഗ് സർവ്വീസ്. | 3 |
| 4 | 407 | വയനാട് ഗ്രീൻ ടീ പ്രൊഡ്യൂസർ കമ്പനി | 2 |
| 5 | 396 | സെക്രട്ടറി ബത്തേരി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്(ഗ്യാസ് സ്റ്റോറേജ് ഏജൻസി) | 5 |
| 6 | 397 | ഷാജഹാൻ | 3 |

5.ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, കരാറുകാർ, വക്കീലന്മാർ എന്നിവരുടെ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

6. ഫയൽ പരിശോധിച്ചതിൽ നിന്നും നെന്മേനി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലോഡ്ജ് /റിസോട്ടുകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-06/16-17/31.08.2017 ന്

മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-9 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതിയിനത്തിൽ വാങ്ങിയ ചെക്കുകൾ ബാങ്ക് അക്കൗണ്ടിൽ വന്നിട്ടില്ല.

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ചെക്കുകൾ പഞ്ചായത്തിൽ സ്വീകരിച്ചതായി കാണുന്നു.എന്നാൽ പ്രസ്തുത ക്യാഷ് ബാങ്ക് അകൗണ്ടിൽ വന്നതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | വരവിനം | ചെക്ക് നംമ്പർ | തുക |
|---|---|---|---|
| മാനേജിംഗ് ഡയറക്ടർ, ക്ലാസ്സോ ഹ്ക്ക്സ് പ്രൈ. ലിമിറ്റഡ് | തൊഴിൽ നികുതി(രണ്ടാം അർദ്ധ വർഷം) | 123204 | 1,140 |
| മാനേജിംഗ് ഡയറക്ടർ, ഫിർമ്മ ഹ്ക്ക്സ് പ്രൈ. ലിമിറ്റഡ് | സ്ഥാപന തൊഴിൽ നികുതി | 169311 | 2,500 |
| മാനേജിംഗ് ഡയറക്ടർ, ഫിർമ്മ ഹ്ക്ക്സ് പ്രൈ. ലിമിറ്റഡ് | തൊഴിൽ നികുതി(രണ്ടാം അർദ്ധ വർഷം | 169310 | 2,410 |
| മാനേജിംഗ് ഡയറക്ടർ, ക്ലാസ്സോ ഹ്ക്ക്സ് പ്രൈ. ലിമിറ്റഡ് | സ്ഥാപന തൊഴിൽ നികുതി | 123205 | 2,500 |
| മാനേജിംഗ് ഡയറക്ടർ, സുമംഗലം കാർപ്പ് എസ്റ്റേറ്റ് | തൊഴിൽ നികുതി | 129290 | 2,575 |
| ആകെ | | | 11,125/- |

മേൽ തുക അകൗണ്ടിൽ വരവ് വന്നതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 30/16-17/31.8.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ തുക 11,125/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 2-10 ഇ-ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

അസി.എഞ്ചിനീയർ 2016-17 വർഷത്തിൽ നിരവധി പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുണ്ട്. അസി. എഞ്ചിനീയർ ഓഡിറ്റിന് ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം വിവിധ തിയ്യതികളിൽ നടത്തിയ ഇ-ടെണ്ടറുകളിൽ നിന്നായി 57168/- രൂപയുടെ ടെണ്ടർ ഫോറം വില/ഫീ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വില/ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

ഓഡിറ്റിനായി സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം (RP-5) 1,32,454/- രൂപ ടെണ്ടർ ഫോറം വിലയിനത്തിൽ വരവുണ്ട്. എന്നാൽ മേൽ 57168/- രൂപ വരവായി ലഭിച്ചത് ഈ കണക്കിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. മേൽ തുക പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.05/16-17/29.08.2017) അസി.എഞ്ചിനീയർ നല്കിയ മറുപടിയിൽ ' തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിനായി വിവരങ്ങൾ സെക്രട്ടറിക്ക് നല്കിയിട്ടുണ്ട് ' എന്നാണറിയിച്ചിട്ടുള്ളത്. മേൽ തുക 57168/- രൂപ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമാണ്. ഈ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-11 ഗ്രാമപഞ്ചായത്തിലേക്ക് ഇലട്രോണിക്ക് ഉപകരണങ്ങൾ വാങ്ങലുകൾ - ടെണ്ടർ ഫോറം വില ഈടാക്കിയത് കുറവ്.

ഗ്രാമപഞ്ചായത്തിലേക്ക് ഇലട്രോണിക്ക് ഉപകരണങ്ങൾ വാങ്ങിയതിലെ ന്യൂനതകൾ താഴെ പറയുന്നു.

പ്രോജക്ടിന്റെ വിശദാംശങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നമ്പറും പേരും | ചെലവ് തുക | ട്രഷറി ബിൽ നം., തീയതി | അടങ്കൽ |
|---|---|---|---|---|
| 1 | എസ്.0297/17, പഞ്ചായത്ത് ഓഫീസിൽ ടച്ച് സ്ക്രീൻ സംവിധാനം ലഭ്യമാക്കൽ | 148240 | 28/16-17, 31.03.2017 | 150000 (ഫിനാൻസ് കമ്മീഷൻ) |
| 2 | എസ്.0351/17, പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവത്കരണം | 100000<br>97500 | 32/16-17, 31.03.2017<br>31/16-17, 31.03.2017 | 199066/- (100000/-വികസന ഫണ്ട്, 99060/- വേൾഡ് ബാങ്ക് ) |

തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാന്വൽ (G.O(Rt.) 2487/2016/LSGD, 20.08.2016) പ്രകാരം 1 ലക്ഷം രൂപ മുതൽ 1000000/- ലക്ഷം രൂപവരെയുള്ള വാങ്ങലുകൾക്ക് ടെണ്ടർ ഫോറം വിലയായി 1000/-രൂപ + ടാക്സ്സാണ് ഈടാക്കേണ്ടത് എന്നാൽ ഗ്രാമപഞ്ചായത്ത് നടത്തിയ മേൽ പറഞ്ഞ വാങ്ങലുകളിൽ 500/-രൂപ + ടാക്സ്സാണ് ഈടാക്കിയിട്ടുള്ളത്. ഇതിന് പുറമേ ആദ്യത്തെ വാങ്ങലിന് (ക്രമ നമ്പർ 1) ഒരു ടെണ്ടറാണ് ലഭിച്ചതായി കാണുന്നത്. ആയത് അംഗീകരിച്ച് വാങ്ങൽ നടത്തിയിട്ടുള്ളത്. ടച്ച് സ്ക്രീൻ സംവിധാനം ഗ്രാമപഞ്ചായത്തിൽ പ്രവർത്തന സജ്ജമാക്കിയതായും

കാണുന്നില്ല.

ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 17/2016-17 29.08.2017 മറുപടി ലഭ്യമാക്കിയിട്ടില്ല. ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ടെണ്ടർ ഫോറം വില ഈടാക്കിയതിൽ കുറവ് വന്ന തുക 2000/- രൂപ + ടാക്സ് (ക്രമ നമ്പർ 1- ൽ 1 ടെണ്ടർ ഫോറവും (ക്രമ നമ്പർ 2- ൽ 3 ടെണ്ടർ ഫോറങ്ങളുമാണ് വിൽപ്പന നടത്തിയിട്ടുള്ളത്) ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭവന നിർമ്മാണ പദ്ധതി -പട്ടിക വർഗ്ഗം-രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 307/16-17 -ഭവന നിർമ്മാണ പദ്ധതി -പട്ടിക വർഗ്ഗം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 9,25,000/-(ടി.എസ്.പി) |
| ബിൽനം | 1)സി.ബി 1/16-17 3,75,000/- രൂപ തിയ്യതി-29.03.17. |

2016-17 വർഷത്തിൽ വീട് നിർമ്മാണത്തിനായി 12 പേർക്കായി 3,75,000/- രൂപ ചെലവഴിച്ചെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട്,സ്റ്റേജ് സർട്ടിഫിക്കറ്റ്, വീടിന്റെ ഫോട്ടോ,ഗുണഭോക്താവിന്റെ ഫോട്ടോ ,തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത്, പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. ഓഡിറ്റിന് ഹാജരാക്കിയ ഭവന നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ തുക നല്കിയ 12 പേരും തുക കൈപ്പറ്റിയതായി ഒപ്പിട്ടിട്ടില്ല. ഭവന നിർമ്മാണ രജിസ്റ്ററിൽ മുൻപ് ഗഡുക്കൾ നല്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റിന് നേരിട്ട് ഹാജരായ സമയത്ത് 30.08.2017 നകം ഈ മേൽ രേഖകൾ ഹാജരാക്കാമെന്ന് അറിയിച്ചുവെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ1997 ലെ കേരളപഞ്ചായത്ത് രാജ് ഓഡിറ്റ് സംവിധാനവും പരിശോധന രീതിയും ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം രേഖകൾ ഇല്ലായെന്ന നിഗമനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 24/16-17/31.08.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈ പദ്ധതിയിൽ ചെലവഴിച്ച 3,75,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 സർക്കാർ ജീവനക്കാരന് ODF ആനുകൂല്യം നൽകി

ODF പ്രോഗ്രാമിൽ മൊയ്തീൻകുട്ടി s/o അബ്ബു ,ചോലക്കൽ, ചീരാൽഎന്നയാൾക്ക് ചെക്ക് നമ്പർ 059902/2.12.16 പ്രകാരം 13400 രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റിന്റെ നിർദേശപ്രകാരം വി ഇ ഒ അന്വേഷണം നടത്തിയപ്പോൾ ഇദ്ദേഹം സർക്കാർ ജീവനക്കാരണെന്ന് അറിയാൻ കഴിഞ്ഞു. ODF സംബന്ധിച്ചുള്ള ഉത്തരവുകളിൽ വരുമാന പരിധി പറയുന്നില്ല. സർക്കാർ ജീവനക്കാരന് ODF പ്രോഗ്രാമിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകാമോ എന്ന് പരിശോധിക്കേണ്ടതാണ്. ആനുകൂല്യം നൽകാൻ അർഹമല്ലെങ്കിൽ തുക നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

## 3-3 സുകൃതം ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

സുകൃതം ഭവന പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

(ഒരു വീടിന് ധനസഹായം 175000 രൂപ)

| ക്രമനം | പേര് | നാളിതു വരെ കൈപ്പറ്റിയ തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | സൈനബ | 15500 | 8.12.16 |
| 2 | സാവിത്രി | 90000 | 8.12.16 |
| 3 | വനജ | 120000 | 8.12.16 |
| 4 | മൈമൂന | 160000 | 18.3.17 |
| 5 | രവീന്ദ്രൻ | 50000 | 18.3.17 |
| 6 | ശാന്ത | 155000 | 28.3.16 |
| 7 | റജീന | 155000 | 18..8.17 |
| 8 | അലീമ | 155000 | 28.12.16 |
| 9 | സുലൈഖ | 155000 | 2.6.16 |
| 10 | റംല | 155000 | 2.11.16 |
| 11 | നസീറ | 150000 | 9.1.17 |
| 12 | റഹ് മത്തുന്നിസ | 130000 | 13.3.17 |
| 13 | സെലീന | 50000 | 28.3.16 |
| 14 | സുനിത | 50000 | 28.3.16 |
| 15 | മറിയം | 155000 | 16.11.16 |
| 16 | മേരി | 160000 | 28.3.16 |

| | | | |
|---|---|---|---|
| 17 | ശാന്തി | 150000 | 18.8.17 |
| 18 | കോമളവല്ലി | 160000 | 13.3.17 |
| 19 | ജസ് ന | 150000 | 18.8.17 |
| 20 | ആയിഷ | 155000 | 18.8.17 |
| 21 | ചന്ദ്രിക | 155000 | 18.3.17 |
| 22 | ഷെരീഫ | 155000 | 18.8.17 |
| 23 | പാത്തുമ്മ | 155000 | 13.3.17 |
| 24 | ഷീല | 160000 | 18.8.17 |
| 25 | സൈഫുന്നിസ | 155000 | 20.2.17 |
| 26 | ജോഷില | 155000 | 6.2.17 |
| 27 | ശ്രീജ | 160000 | 16.11.16 |
| 28 | സുശീല | 155000 | 28.12.16 |
| 29 | ശാന്ത കെ | 120000 | 28.3.16 |
| 30 | സാറാമ്മ | 155000 | 10.4.17 |
| 31 | ജമീല | 155000 | 2.11.16 |
| 32 | മോളി | 150000 | 10.3.16 |
| 33 | ആയിഷ | 120000 | 8.12.16 |
| 34 | റസിയ | 120000 | 13.3.17 |

മേൽ ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ജനറൽ ഭവന പദ്ധതി(2014-15) ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ജനറൽ ഭവന പദ്ധതി(2014-15)യിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

(ഒരു വീടിന് ധനസഹായം 200000 രൂപ)

| ക്രമനം | പേര് | നാളിതു വരെ കൈപ്പറ്റിയ തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | വിലാസിനി | 140000 | 23.1.16 |

| | | | |
|---|---|---|---|
| 2 | നബീസ | 100000 | 13.5.16 |
| 3 | ദേവകി | 100000 | 8.12.16 |

മേൽ ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 അഗതി ആശ്രയഭവനപദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

അഗതി ആശ്രയഭവനപദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. (ഒരു വീടിന് ധനസഹായം 200000 രൂപ)

| ക്രമനം | പേര് | നാളിതു വരെ കൈപ്പറ്റിയ തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ജാനകി | 25000 | 23.2.16 |
| 2 | റുക്കിയ | 25000 | 3.7.16 |
| 3 | ലീല | 160000 | 6.12.16 |

മേൽ ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ODF programme ശുചിമുറി നിർമ്മാണം പൂർത്തിയായില്ല

ODF programme നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയുന്നു.

2016-17 വർഷം ആകെ ചെലവ് - 8844000/- രൂപ.

ഗുണഭോക്താക്കളുടെ എണ്ണം 847

കരാർ വെച്ച ഗുണഭോക്താക്കളുടെ എണ്ണം 782

ശുചി മുറിയുടെ നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം 667

ശുചി മുറിയുടെ നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ എണ്ണം 115 പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 VEO യുടെ അക്കൌണ്ടിൽ തുക അവശേഷിക്കുന്നു.

VEO യുടെ അക്കൌണ്ടിൽ(plan account state bank of India ,koliyadi a/c no 57068379644) 130090 രൂപ അവശേഷിക്കുന്നു. ആയത് തിരിച്ചടക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ പലിശ ഇനത്തിൽ മുതൽ കൂട്ടിയ തുകയാണ് അക്കൗണ്ടിൽ ഉള്ളത്.

## 3-8 ആയുർവേദ മരുന്ന് ലഭിക്കാൻ കാലതാമസം.

പ്രോജക്ട് നം 12/2017(മരുന്ന് വാങ്ങൽ)

അടങ്കൽ 300000/- രൂപ

ചെലവ് 300000/- രൂപ

ഡി ഡിനം 170481/24.11.16

ഔഷധിയിൽ നിന്നാണ് മരുന്ന് വാങ്ങിയത്.ഔഷധി മരുന്ന് നൽകിയത് താഴെ പറയുന്ന തീയതികളിലാണ്.

| മരുന്ന് ലഭിച്ച തീയതി | മരുന്ന് വില |
|---|---|
| 12.12.16 | 114728 |
| 17.2.17 | 51300 |
| 15.3.17 | 16984 |
| 23.3.17 | 27310 |
| 28.4.17 | 2506 |
| 18.6.17 | 48089 |
| 16.7.17 | 12822 |

| | |
|---|---|
| 5.8.17 | 26261 |
| ആകെ | 300000 |

മരുന്ന് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 ക്ലബ്ബുകൾക്ക് ക്രമ വിരുദ്ധമായി ടെലിവിഷൻ വിതരണം ചെയ്തു

| അടങ്കൽ | പ്രോജക്റ്റ് നമ്പർ/പേര് | ബിൽ നമ്പർ/ചെക്ക് നമ്പർ | ചെലവ് തുക |
|---|---|---|---|
| 200000 തനത് ഫണ്ട് | S0136/17 ക്ലബ്ബുകൾക്ക് ടെലിവിഷൻ വിതരണം | 1783036/24.03.17 | 197080/- |

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി, ക്ലബ്ബുകൾക്ക് ടെലിവിഷൻ വിതരണം നടത്തിയതിൻെറ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ:-

1. 11-01--2016 -ലെ സ.ഉ(എം.എസ്) 4/2016/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം, ടെലിവിഷൻ വിതരണം നടത്താൻ പാടില്ല. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി 197080/- രൂപ ചെലവഴിച്ചിട്ടുണ്ട്.
2. 15 ക്ലബ്ബുകൾക്ക് ടി.വി നൽകാൻ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും വിതരണം ചെയ്ത വിവരം ലഭ്യമാക്കിയിട്ടില്ല.
3. അംഗീകാരമുള്ള ക്ലബ്ബുകൾക്ക് നൽകണമെന്നാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും ക്ലബ്ബുകളുടെ രജിസ്ട്രേഷൻ ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിയിലൂടെ (11/31-08-2017) വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 197080/- രൂപ നിരാകരിക്കുന്നു.

# 3-10 സാക്ഷരത പദ്ധതി-അപാകതകൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് നമ്പർ/പേര് | ബിൽ നമ്പർ/ചെക്ക് നമ്പർ | ചെലവ് തുക | ഫണ്ട് |
|---|---|---|---|---|
| ഹെഡ്മാസ്റ്റർ | S0134/17 സാക്ഷരത പദ്ധതി | 4/08.03.17 | 150000 | 150000/- വികസന ഫണ്ട് (ജനറൽ ) |

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾക്ക് കാണുന്നുണ്ട്

1. 11-01--2016 -ലെ സ.ഉ(എം.എസ്)4/2016/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം,

അംഗൻവാടി വർക്കർ/ ഹെൽപ്പർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന ബഡ്സ് സ്കൂളുകളിലെ യോഗ്യരായ അദ്ധ്യാപകർ, ഹെൽപ്പർമാർ, സ്പെഷ്യലിസ്റ്റുകൾ, പരിരക്ഷ നഴ്സുമാർ, ഗ്രാമ പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ഒരു വർഷത്തേക്ക് നിയമിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാർ എന്നിവരൊഴികെയുള്ളവർക്ക് വികസന ഫണ്ടിൽ നിന്നും ഹോണറേറിയം നൽകാൻ പാടില്ല. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി 60000/- രൂപ ഹോണറേറിയമിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

2. മൊത്തം 108258/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി, 41742/- രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

4. വിദ്യാർത്ഥികൾ പരീക്ഷ എഴുതിയ വിവരമോ, ജയിച്ച വിവരമോ ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിയിലൂടെ(9/31-08-2017) വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി, ഹോണറേറിയം നൽകുന്നതിനായി ചെലവഴിച്ച 60000/- രൂപയും ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ 41742/- രൂപയുമടക്കം 101742/- രൂപ തടസ്സം ചെയ്യുന്നു.

# 3-11 ക്ലബ്ബുകൾക്ക് ക്രമ വിരുദ്ധമായി സ്പോർട്സ് കിറ്റ് വിതരണം ചെയ്തു

ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി 2016-17 വർഷങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ ക്രമ വിരുദ്ധമായി തുക ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | പ്രൊജക്റ്റ് നമ്പർ/ഫണ്ടിനം | ബിൽ നമ്പർ/ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|---|
| 2016-2017 | S0135/13 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് | 1783042/30.03.17 | 95503.00 തനത്ഫണ്ട് |

പ്രൊജക്റ്റുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ,വകുപ്പ് 166, 1-ാം ഉപ വകുപ്പ്, പട്ടിക 3 -ൽ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ, കായിക വിനോദ, സാംസ്കാരിക മേഖലയിൽ കളി സ്ഥലങ്ങൾ നിർമ്മിക്കുക, സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക എന്നിവ മാത്രമേ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ വരുന്നുള്ളൂ. അത് കൊണ്ട് തന്നെ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം അനിവാര്യ ചുമതലകളിൽ പെടുന്നില്ല. ഓഡിറ്റ് എൻക്വയറിയിലൂടെ (10/31-08-2017) വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും യാതൊരു

മറുപടിയും ലഭ്യമാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 95503/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-12 അങ്കൺവാടി പ്രവർത്തകർക്കുള്ള അധികവേതനം നൽകൽ- സംബന്ധിച്ച്.

അങ്കണവാടി പ്രവർത്തകർക്കുള്ള അധികവേതനം നൽകുന്നതിനായി നിർവ്വഹണോദ്യോഗസ്ഥനായ ഐ.സി.ഡി.എസ്. സൂപ്പർ വൈസർ താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| S113/17<br>അങ്കൺവാടി പ്രവർത്തകർക്കുള്ള അധികവേതനം നൽകൽ | 2655200(വികസന ഫണ്ട്)<br>195200(തനത് ഫണ്ട്) | 1257200<br>360898<br>1037102<br>193361(തനത് ഫണ്ട്) | 1/15.12.16<br>2/16.03.17<br>7/31.03.17<br>1783037/29.03.17 (ചെക്ക് നം.) |
| | 2850400 | 2848561 | |

അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

മേൽ പ്രോജക്റ്റ് പ്രകാരം 2655200/- രൂപ അങ്കൺവാടി പ്രവർത്തകർക്കുള്ള അധികവേതനമിനത്തിൽ വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സ.ഉ(സാ.ധാ)നം.636/2016/ തസ്വഭവ തിയ്യതി 16.02.2016, സ.ഉ(എം. എസ്) നം.21/2016 /സാ.നീ.വ തിയ്യതി, 25.02.2016 എന്നീ ഉത്തരവുകൾ പ്രകാരം അങ്കൺവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും അധികവേതനമിനത്തിൽ നൽകേണ്ട തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. തനതു ഫണ്ട് ലഭ്യമല്ല എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും, ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്ന സ്ഥിതിയിൽ അധികവേതന തുക വികസനഫണ്ടിൽ നിന്നും നൽകാവുന്നതാണെന്നാണ് മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുള്ളത്. വികസന ഫണ്ടിൽ നിന്നും അധിക വേതനമിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും സർക്കാർ ഉത്തരവിവ് നിർദ്ദേശിച്ച പ്രകാരമുള്ള സാക്ഷ്യപ്പെടുത്തലുകൾ ഫയലിൽ ലഭ്യമല്ല. സർക്കാർ ഉത്തരവിന്

വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-13 അനുപൂരക പോഷകാഹാര പദ്ധതി- സംബന്ധിച്ച്.

അനുപൂരക പോഷകാഹാര പദ്ധതി നടത്തിപ്പിനായി നിർവ്വഹണോദ്യോഗസ്ഥനായ ഐ.സി.ഡി.എസ്. സൂപ്പർ വൈസർ താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| S0107/17<br>അനു പൂരക പോഷകാഹാര പദ്ധതി(ജനറൽ)<br>S166/17<br>അനു പൂരക പോഷകാഹാര പദ്ധതി(പട്ടിക വർഗ്ഗം) | 1140800(ടി.എസ്.പി)<br>2340828(കേന്ദ്ര വിഹിതം)<br>3481628<br>1000000(ടി.എസ്.പി)<br>500000(കേന്ദ്ര വിഹിതം)<br>1500000 | 1123789<br>17011<br>1000000 | 2/17.12.16<br>4/30.03.17<br>5/31.03.17 |

ഫയൽ പരിശോധനയിൽ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾക്ക് ചുവടെ ചേർക്കുന്നു.

1. 12-ാം പദ്ധതി മാർഗ്ഗ രേഖ, ഖണ്ഡിക 11.9 പ്രകാരം(സ.ഉ.(എം.എസ്.)നമ്പർ 4/2016 /തസ്വഭവ/11.01.2016), അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടി പരിശോധനക്ക് വിധേയമാക്കണം. ഇതിനായി, പൊതുസമ്മതരായ 5 പേരടങ്ങുന്ന ഒരു അങ്കണവാടി നിരീക്ഷണ കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ട് ഗ്രാമ പഞ്ചായത്തിന് നൽകേണ്ടതാണ്. എന്നാൽ, ഇത് പാലിച്ചിട്ടില്ല.

2. 01.02.2010, 05.06.2010 എന്നീ തീയതികളിലെ സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി-3-312/2010-ാം നമ്പർ കത്തിൽ; ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

3.അങ്കണവാടികളിൽ നിന്നും എല്ലാ മാസവും എത്ര പോഷകാഹാരം/ഭക്ഷ്യ ധാന്യം

ആവശ്യമുണ്ടെന്നുള്ള ഇന്റന്റ് വാങ്ങിച്ചിട്ടില്ല.

4. കേന്ദ്ര വിഹിതം ആനുപാതികമായി ഉപയോഗിച്ചിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-14 ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി തിരിച്ചടയ്ക്കാൻ ബാക്കിയുള്ള വായ്പയുടെ വിവരങ്ങൾ ഇല്ല.

ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി വായ്പ അടവാക്കുന്നതിന് (പ്രോജക്ട് നം. എസ്.0329/17) പ്രോജക്ട് പ്രകാരം 24,91,239/- രൂപ ചെലവഴിച്ചിട്ടുണ്ട് ( ട്രഷറി ബിൽ നം. 19/16-17, 18.03.2017 ). 2016-17 വർഷത്തെ വായ്പ സംബന്ധിച്ച് വിവരങ്ങൾ ലോൺ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ തൻവർഷത്ത വായ്പ വരവിന്റെയും തിരിച്ചടവിന്റെയും വിവരങ്ങൾ ലഭ്യമല്ല. വയനാട് ജില്ലാ കോ. ഓപ്. ബാങ്കിന്റെ ബത്തേരി ശാഖയിൽ (A/C No. 13003603570001) നിന്നാണ് വായ്പ എടുത്തിട്ടുള്ളത്. ലോൺ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 2016-17- വർഷത്തിൽ ആകെ 72,25,910/-രൂപ അടവാക്കിയതായാണ് കാണുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | അടവാക്കിയ മാസം | തുക |
|---|---|---|
| 1 | മെയ് | 4703131 |
| 2 | ആഗസ്റ്റ് | 31540 |
| 3 | മാർച്ച് | 2491239 |
| | ആകെ | 7225910 |

ഓഡിറ്റ് എൻക്വയറി.നം. 15 /2016-17 29.08.2017 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വായ്പയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ തൻവർഷത്തെ ചെലവ് തുക 24,91,239/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വായ്പയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 സുകൃതം ഭവന നിർമ്മാണ പദ്ധതി - ബാങ്ക് വായ്പയുടെ കൃത്യമായ വിവരങ്ങൾ ഇല്ല.

സുകൃതം ഭവന നിർമ്മാണ പദ്ധതി വായ്പയുടെ മുതലും (പ്രോജക്ട് നം. എസ്.0330/17) പലിശയും (പ്രോജക്ട് നം. എസ്.0085/17) അടവാക്കുന്നതിനുള്ള രണ്ട് പ്രോജക്ടുകൾ പ്രകാരം തൻവർഷം 30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് (യഥാക്രമം15 ലക്ഷം രൂപ വീതം; ട്രഷറി ബിൽ നം. 20/16-17, 18.03.2017 & ചെക്ക് നമ്പർ 1783040/29.03.2017). സുകൃതം ഭവന നിർമ്മാണ പദ്ധതിയ്ക്ക് വായ്പ എടുക്കുന്നതിന് സർക്കാർ അനുമതി സംബന്ധിച്ച് രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ മൊത്തം വായ്പ തുകയുടെയും തിരിച്ചടയ്ക്കാൻ ബാക്കിയുള്ള മുതലിന്റെയും പലിശയുടെയും വിവരങ്ങൾ ലഭ്യമല്ല. വയനാട് ജില്ലാ കോ. ഓപ്. ബാങ്കിന്റെ ബത്തേരി ശാഖയിൽ നിന്നാണ് വായ്പ എടുത്തിട്ടുള്ളത്.

ലോൺ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 31.01.2017-ൽ അടവാക്കാൻ ബാക്കിയുള്ള വായ്പ തുക 27418280/-രൂപയാണ് (A/C No. 13003603570002). തൻവർഷം 50 ലക്ഷം രൂപ വായ്പ എടുത്തിട്ടുള്ളതായുമാണ് കാണുന്നത്.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വായ്പ തുക | വായ്പ തീയതി |
|---|---|---|
| 1 | 3000000 | 02.11.2016 |
| 2 | 1000000 | 09.03.2017 |
| 3 | 1000000 | 13.03.2017 |
| | 5000000/- | |

വായ്പയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും 14,480/- രൂപ പിഴ പലിശ വന്നതായി കാണുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 17.03.2016 | 2951 |
| 2 | 19.03.2016 | 328 |
| 3 | 31.10.2016 | 2459 |
| 4 | 30.11.2016 | 2459 |
| 5 | 31.12.2016 | 82 |
| 6 | 31.01.2017 | 2548 |
| 7 | 25.03.2017 | 3653 |
| | ആകെ | 14480 |

എന്നാൽ 24.08.2017- ലെ 1/16-17 നം ഓഡിറ്റ് എൻക്വയറി പ്രകാരം ലോണിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടതിന് മറപടിയായി തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 26236461/-രൂപയെന്നും തൻവർഷം തിരിച്ചടച്ച മുതലും പലിശയും യഥാക്രമം 30ലക്ഷം രൂപയും 2808888/- രൂപയുമെന്നെണ് നൽകിയിട്ടുള്ളത്. തൻവർഷം വായ്പ ഇനത്തിൽ വരവില്ലന്നും യഥാസമയം തിരിച്ചടയ്ക്കാതിരുന്നതുവഴി പിഴപലിശ ബാധ്യത വന്നിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. മറുപടി സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സെക്രട്ടറി ലഭ്യമാക്കിയ മറുപടി വസ്തുതകളുമായി പൊരുത്തപ്പെടാത്തതിനാൽ അംഗീകരിക്കാവുന്നതല്ല. തെറ്റായ വിവരങ്ങൾ ഓഡിറ്റിന് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വായ്പ എടുക്കുന്നതിനുള്ള സർക്കാർ അനുമതിയുടെ പകർപ്പും തിരിച്ചടയ്ക്കാൻ ബാക്കിയുള്ള മുതലിന്റെയും പലിശയുടെയും പിഴ പലിശയുടെയും കൃത്യമായ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. തൻവർഷം വായ്പ തിരിച്ചടവിനായി ചെലവഴിച്ച് 30 ലക്ഷം രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ സഹിതം വായ്പയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാത്തപക്ഷം കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം നിഗമനത്തിൽ എത്തുന്നതും മേൽ പറഞ്ഞ ചെലവ് തുക നിരാകരിക്കുന്നതാണ്.

## 3-16 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഫണ്ട് കൈമാറിയ താഴെ പറയുന്ന താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പറും പേരും | ചെലവ് തുക | ട്രഷറി ബിൽ നം., തീയതി |
|---|---|---|---|
| 1 | എസ്.0331/17, എസ്.എസ്.എ. വിഹിതം നൽകൽ | 150000 | 21/16-17, 18.03.2017 |
| 2 | എസ്.0097/17, ഇന്റർനെറ്റ് @ സ്കൂൾ പദ്ധതി ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ | 100000 | 3/16-17, 31.12.2016 |

ഓഡിറ്റ് എൻക്വയറി.നം. 19/2016-17 29.08.2017 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവ് തുക 250000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും (എവിടെ എന്തിന് ചെലവഴിച്ചു എന്ന് രേഖകൾ സഹിതം) ഹാജരാക്കേണ്ടതാണ്.

## 3-17 പൊതുടാപ്പിന്റെ വെള്ളക്കരം അടവാക്കൽ - രേഖകൾ ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്തിന് കേരള വാട്ടർ അതോറിറ്റി 10.02.2015- ന് കൈമാറിയ കുടിവെള്ള പദ്ധതി ഭരണ സമിതിയുടെ 03.12.2007-ലെ 10-ാം നമ്പർ തീരുമാന പ്രകാരം 21.12.2007 -ന് കാരാറുടമ്പടി വെച്ച് നെൻമേനി ശുദ്ധ ജലവിതരണ സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രോജക്ട് നമ്പർ എസ്.0096/17 പ്രകാരം 49589/-രൂപ സംരക്ഷണ ഗ്രാന്റും (ട്രഷറി ബിൽ നമ്പർ 33/2016-17,31.03.17) 59500/-രൂപ തനത് ഫണ്ടും (ചെക്ക് നമ്പർ 1783031/17.02.2017) വെള്ളക്കരം ഇനത്തിൽ തൻവർഷം സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. 49589/-രൂപ 2017 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാട്ടർ ചാർജ്ജ് ഇനത്തിൽ നൽകിയതാണ്. നെൻമേനി ശുദ്ധ ജലവിതരണ സൊസൈറ്റിയുടെ കത്ത് പ്രകാരം 68 പൊതു ടാപ്പുകളുടെ 3 മാസത്തെ വെള്ളക്കരമായാണ് പ്രസ്തുത തുക നൽകിയിട്ടുള്ളത്. എന്നാൽ 52 പൊതു ടാപ്പുകൾ നിലനിർത്താൻ ഭരണ സമിതി 16.01.2008- ലെ 3/08-ാം നമ്പറായി തീരുമാനിച്ചതിനു പുറമേ 3എണ്ണം പുതിയതായി സ്ഥാപിക്കാൻ 23.08.2008-ൽ തീരുമാനിച്ചതടക്കം ആകെ 55 പൊതുടാപ്പുകൾ ഉള്ളതായാണ് ഫയൽ പരിശോധിച്ചതിൽ നിന്നും ലഭ്യമാകുന്ന വിവരം. 59500/-രൂപ ഏതൊക്കെ മാസങ്ങളിലെ തുകയാണ് എന്നതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നെൻമേനി ശുദ്ധ ജല വിതരണ സൊസൈറ്റിയുമായി ചമച്ച കരാറിൽ പൊതുടാപ്പിന്റെ വെള്ളക്കരം അടവാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. വീടുകളിലേക്കുള്ള കണക്ഷനുകളുടെയും വെള്ളക്കരം നിശ്ചയിക്കുന്നതു സംബന്ധിച്ചും വ്യവസ്ഥകളില്ല. അതിനാൽ പൊതുടാപ്പിന്റെയും വീടുകളിലേക്കുള്ള കണക്ഷനുകളുടെയും വെള്ളക്കരം നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. നെൻമേനി ശുദ്ധ ജല വിതരണ സൊസൈറ്റിയുടെ ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്ത് പരിശോധിച്ചതായും കാണുന്നില്ല.

ന്യൂനതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 16 /2016-17 29.08.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൻവർഷത്തെ ആകെ ചെലവ് തുക 109089/-രൂപ ( 49589 + 59500) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-18 ഹോമിയോ ആശുപത്രയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ഇനിയും ലഭ്യമായിട്ടില്ല.

ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ ഹോമിയോ മരുന്ന് വാങ്ങാനുള്ള പദ്ധതിയിൽ 200000/-ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം. 113/17 ഹോമിയോ ആശുപത്രയിലേക്ക് മരുന്ന് വാങ്ങൽ.

അടങ്കൽ -200000/

ട്രഷറി ബിൽ നം. 1/16-17/ 28.2.17 200000/- രൂപ.

ഈ പദ്ധതി പ്രകാരം, നെൻമേനി ഗവ. ഹോമിയോ ഡിസ്പൻസറിയിലേക്കും, ചീരാൽ എൻ.എച്ച്.എം. ഹോമിയോ സെന്ററിലേക്കും 100000/- രൂപയുടെ വീതം മരുന്ന് വാങ്ങാനായി മേൽ പ്രകാരം 200000/- രൂപ ഹോമിയോ മെഡിക്കൽ ഓഫീസർ ചെലവഴിച്ചിട്ടുണ്ട്. ആലപ്പുഴയിലെ 'ഹോംകോ'ക്കാണ് തുക നല്കിയിട്ടുള്ളത്. മരുന്ന് നാളിതുവരെ ലഭിച്ചതായി കാണുന്നില്ല. മരുന്ന് ലഭ്യമാക്കുന്നതിനായി 'ഹോംകോ'യുമായി കരാറിൽ ഏർപ്പെട്ടതായും ഫയലിൽ രേഖകൾ കാണുന്നില്ല. രേഖകളുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കണമെന്നും, മരുന്ന് ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കണമെന്നും അപാകതകൾ വിശദീകരിക്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/16-17/24.8.2017) നിർവ്വഹണഉദ്യോഗസ്ഥനായ നെൻമേനി ഗവ. ഹോമിയോ ഡിസ്പൻസറിയിലെ മെഡിക്കൽ ഓഫീസർ 26.8.2017 ന് നല്കിയ മറുപടിയിൽ 'കരാറിൽ ഏർപ്പെടുന്നതിന് 'ഹോംകോ' തയ്യാറാകുന്നില്ലെന്നും, മരുന്ന് ലഭ്യമാക്കുന്നതിനായി രണ്ട് തവണ ഓർമ്മക്കുറിപ്പ് നല്കിയെങ്കിലും മറുപടിയൊന്നും നല്കിയിട്ടില്ല എന്നും...'അറിയിച്ചിട്ടുണ്ട്.ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് , മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കണം. ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-19 തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് - കൈപ്പറ്റ് വിവരം ഇല്ല.

അസി.എഞ്ചിനീയർ തൻവർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഈടാക്കിയ തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് കേരള സംസ്ഥാന തൊഴിലാളി ക്ഷേമനിധി ബോർഡിൽ കൈപ്പറ്റിയതായി രേഖകളില്ല. തൻവർഷം തൊഴിലാളി ക്ഷേമനിധി വിഹിതം ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി.മുഖേന ഒടുക്കുകയും, സാമ്പത്തിക വർഷാവസാനകാലത്ത് ട്രഷറിയിൽ നിന്നും നേരിട്ട് ട്രാൻസ്ഫർ ക്രെഡിറ്റായി നല്കുകയും ചെയ്തിട്ടുണ്ട്. രണ്ട് സംഗതിയിലും തുക കൈപ്പറ്റിയതായി രേഖകളില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഡി.ഡി. നം. തിയ്യതി | തുക(രൂപ) | റിമാർക്സ് |
|---|---|---|---|
| 1 | 293662/18.4.16 | 43592 | ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി. ആയി അയച്ചത് |
| 2 | 293762/29.6.16 | 11977 | ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി. ആയി അയച്ചത് |

| | | | |
|---|---|---|---|
| 3 | 293905/07.12.16 | 19420 | ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി. ആയി അയച്ചത് |
| 4 | 293949/31..12.16 | 10798 | ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി. ആയി അയച്ചത് |
| 5 | 861455/23.06.17 | 3646 | ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി. ആയി അയച്ചത് |
| 6 | ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് | 100590 | ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് |
| | ആകെ | 190023 | |

തുക കേരള സംസ്ഥാന തൊഴിലാളി ക്ഷേമനിധി ബോർഡിൽ കൈപ്പറ്റിയതിന്റെ രേഖകളുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/16-17/29.8.2017) അസി.എഞ്ചിനീയർ 29.8.2017 ന് നല്കിയ മറുപടിയിൽ മേൽപ്രകാരം ക്ഷേമനിധി വിഹിതം അടച്ചതിന്റെ കൈപ്പറ്റ് രശീതുകൾ ഇതുവരെ ലഭ്യമായിട്ടില്ലെന്നും രശീതുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൈപ്പറ്റ് ഇല്ലാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുക 190023/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-20 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെയും, ബിൽ തുക അനുവദിച്ചതിലെയും അപാകതകൾ.

അസി.എഞ്ചിനീയർ തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ ബിൽതുക അനുവദിച്ചതിൽ അപാകതകൾ കാണുന്നു. ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പാക്കിയ ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ്ജുകൾ കൂടെ ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഒരു വർക്കിൽ (ടേബിൾ ക്രമ നം.6)ഓവർഹെഡ് ചാർജ്ജും കരാറുകാരന്റെ ലാഭവിഹിതവും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ബില്ലിൽ നിന്നും ഈടാക്കേണ്ട നികുതികൾ മുതലായവ മൂല്യനിർണ്ണയ തുകയിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ നികുതികൾ മൂല്യനിർണ്ണയത്തോടൊപ്പം വീണ്ടും കൂട്ടിയതിനാൽ അത്രയും തുക അധികമായി ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. വർക്കുകളുടെ പേര് വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽനം./ തിയ്യതി | ചെലവ് തുക | വർക്കിന്റെ പേര് വിവരം | പ്രവൃത്തി മൂല്യനിർണ്ണയം (ഒ.എച്ച്.,/സി.പി. ഉൾപ്പെടെ) | അധിക ചെലവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 29/16-17/ 30.3.17 | 100,000 | പൂളക്കര പണിയ കോളനി നടപ്പാത കോൺക്രീറ്റ് | 94630 | അധികച്ചെലവ് 100,000-94630= 5370 രൂപ |
| 2 | 33/16-17/ 30.3.17 | 100,000 | എടക്കൽ കോളനി നടപ്പാത കോൺക്രീറ്റ് | 94547 | 100,000-94547= 5453 രൂപ |
| 3 | 32/16-17/ 31.3.17 | 100,000 | കുളിമുക്ക്-ഊരാളി കോളനി നടപ്പാത കോൺക്രീറ്റ് | 95766 | 100,000-95766= 4234 രൂപ |
| 4 | 38/16-17/ 30.3.17 | 300,000 | മാളിക ഇന്ദിരവികാസ് കോളനി നടപ്പാത കോൺക്രീറ്റ് | 284131 | 300000-284131= 15869 രൂപ |
| 5 | 43/16-17/ 30.3.17 | 380903 | ചീരാൽ പി.എച്ച്.സി. റിപ്പയർ | 351885 | 380903-351885= 29018 രൂപ |
| 6 | 50/16-17/ 31.3.17 | 100,000 | കൊന്നമ്പറ്റനായ്ക്ക കോളനി നടപ്പാത സോളിംഗ് | 99850 (86826+6042=92868) | 100,000-92868= 7132 രൂപ |
| 7 | 55/16-17/ 31.3.17 | 100,000 | പാടിയേരി കോളനി നടപ്പാത കോൺക്രീറ്റ് | 95719 | 100,000-95719= 4281 രൂപ |

| | | | | | |
|---|---|---|---|---|---|
| 8 | 58/16-17/ 31.3.17 | 238,973 | അമ്പുകുത്തി ജി.എൽ. പി.എസ്. റിപ്പയർ | 225340 | അധികച്ചെലവ് 238,973-225340= 13633/-രൂപ |
| | | | ആകെ | | 84990/- രൂപ |

അധികമായി ചെലവഴിച്ച തുക 84990/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഓഡിറ്റിന്റെ ശ്രദ്ധയിൽ വന്ന ഏതാനം ഉദാഹരണങ്ങളാണ് മേൽപ്പട്ടികയിൽ നല്കിയിരിക്കുന്നത്. ഇക്കാര്യത്തിൽ അനന്തര അന്വേഷണം നടത്തി സമാനമായ മറ്റ് വർക്കുകളിൽ അധികതുക നല്കാനിടയായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അനർഹമായി തുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

ബി) തൻവർഷം MORD ൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ 10% കരാറുകാരന്റെ ലാഭവിഹിതവും ,10% ഓവർഹെഡ് ചാർജ്ജും വീതം അനുവദിച്ചതായി കാണുന്നു. എന്നാൽ DAR ൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ ലാഭവിഹിതവും ഓവർഹെഡ് ചാർജ്ജും ചേർത്ത് 15%ആണ് അനുവദിച്ചിട്ടുള്ളത്. അതനുസരിച്ച് 5% ത്തിന്റെ വ്യത്യാസം കാണുന്നു. ഇക്കാര്യത്തിൽ അനന്തര പരിശോധന നടത്തേണ്ടതും അപാകതകളില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

മാത്രമല്ല, മേൽപ്രകാരം MORD ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ആകെ ചെലവിനോടൊപ്പം 10% ഓവർഹെഡ് ചാർജ്ജ് കൂട്ടിയ തുകയിൻമേൽ 10% കരാറുകാരന്റെ ലാഭവിഹിതം നല്കുന്നതിനാൽ ഓവർഹെഡ് ചാർജ്ജിനും കരാറുകാരന്റെ ലാഭവിഹിതം നല്കുന്ന സാഹചര്യം നിലനിൽക്കുന്നു. ഇക്കാര്യത്തിലും അനന്തര പരിശോധന നടത്തേണ്ടതും അപാകതകളില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 3-21 പദ്ധതികൾ നടപ്പാക്കാത്തതിനാൽ ഫണ്ട് പാഴാകുന്നു.

ഓഡിറ്റിനായി ഹാജരാക്കിയ വാർഷിക പദ്ധതി ചെലവ് കണക്കുകളുടെ പത്രിക പരിശോധിച്ചതിൽ അസി.എഞ്ചിനീയർ തൻവർഷം നടപ്പാക്കേണ്ടിയിരുന്ന നിരവധി മരാമത്ത് പ്രവൃത്തികൾ നടപ്പാക്കാത്തതായി കാണുന്നു. ആകെ നടപ്പാക്കേണ്ടിയിരുന്ന 207പ്രൊജക്ടുകളിൽ 153 എണ്ണത്തിൽ തൻവർഷം ചെലവൊന്നുമില്ല. ഈ പദ്ധതികൾ തൻവർഷം നടപ്പാക്കാത്തതാണോ അതോ പദ്ധതി നടപ്പാക്കിയെങ്കിലും ബിൽ തുകനല്കാൻ കഴിയാതെ വന്നതാണോ എന്ന് വ്യക്തമാക്കണം. മുൻവർഷങ്ങളിലേതുപോലെ വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തുടർ വർഷങ്ങളിൽ മുൻബാക്കി തുകയായി അനുവദിച്ചു കിട്ടാത്തതിനാൽ മേൽ പ്രകാരം പദ്ധതികൾ നടപ്പാക്കാത്തതിനാൽ പഞ്ചായത്തിന് ലഭിച്ച ഫണ്ട് ലാപ്സാകുന്ന സാഹചര്യം

ഉണ്ടാകുന്നു.പഞ്ചായത്തിന് ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ പാഴാക്കിയ നടപടി സംബന്ധിച്ച് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/16-17/31.8.17) മറുപടിയൊന്നും നല്കിയിട്ടില്ല.

## 3-22 കുടിവെള്ളപദ്ധതികൾ -നവീകരണം/വൈദ്യുതീകരണത്തിനായുള്ള പദ്ധതികൾ -സംബന്ധിച്ച്.

ഓഡിറ്റിന് ഹാജരാക്കിയ വാർഷിക പദ്ധതി ചെലവ് കണക്കുകളുടെ പത്രിക പരിശോധിച്ചതിൽ, അസി.എഞ്ചിനീയർ തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾ നിലവിലുള്ള കുടിവെള്ളപദ്ധതികളുടെ -നവീകരണം/ വൈദ്യുതീകരണത്തിനായുള്ള പദ്ധതികളാണ്.

1)

| ക്രമ നം. | പ്രൊജക്ട് നം പദ്ധതിയുടെ പേര് | അടങ്കൽ തുക | ട്രഷറി ബിൽ നം./തിയ്യതി | ചെലവ് തുക |
|---|---|---|---|---|
| 1 | 243/17 മുരിക്കിലാടി കുടിവെള്ളപദ്ധതി വൈദ്യുതീകരണം | 73615 | 13/16-17/31.12. 16 | 48020 |
| 2 | 245/17 കൊല്ലിവയൽ കുടിവെള്ളപദ്ധതി വൈദ്യുതീകരണം | 100823 | | - |
| 3 | 246/17 പാടിപറമ്പ് കുടിവെള്ളപദ്ധതി വൈദ്യുതീകരണം | 129800 | 52/16-17/31.3. 17 | 1,11,311 |
| 4 | 247/17 കൈലാസംകുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണം, റിപ്പയർ | 142507 | 12/16-17/31.12. 16 | 103120 |
| 5 | 248/17 നൂലകുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണം, റിപ്പയർ | 150000 | 3/16-17/ 19.11. 16 | 106026 |
| 6 | 249/17 കിഴക്കേപ്പാട്ട് കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 100000 | 1/16-17/ 19.11. 16 85011,<br>11/16-17/31.12.16-4350,<br>16/16-17 /28.2.17-6000 | 95361 |
| 7 | 250/17 ഗോവിന്ദമൂല കുടിവെള്ള | 37550 | | - |

| | | | | |
|---|---|---|---|---|
| | പദ്ധതി പൂർത്തീകരണം | | | |
| 8 | 251/17 ചെകിടിമൂല കുടിവെള്ളപദ്ധതി വൈദ്യുതീകരണം | 1,50,000 | 2/16-17/19.11.16-106878, 15/16-17/28.2. 17 43122 | 1,50,000 |
| 9 | 253/17 തൊട്ടുവെട്ടി വയൽ കുടിവെള്ളപദ്ധതി നവീകരണം | 2,75,000 | 28/16-17/27.3.17 | 1,11,629 |
| 10 | 267/17 മാക്കുറ്റി കുടിവെള്ളപദ്ധതി വൈദ്യുതീകരണം | 1,78,200 | 18/16-17/ 8.3. 17 | 58244 |
| 11 | 157/17 മലങ്കരവയൽ കുടിവെള്ളപദ്ധതി നവീകരണം | 110000 | | - |
| 12 | 158/17 നീലിമാങ്ങ കുടിവെള്ളപദ്ധതി നവീകരണം | 110000 | | - |
| 13 | 159/17 പുളിഞ്ചാൽ കുടിവെള്ളപദ്ധതി നവീകരണം | 110000 | | - |
| 14 | 160/17 മാങ്കൊമ്പ് കുടിവെള്ളപദ്ധതി നവീകരണം | 110000 | | - |
| | ആകെ | | | 783711 |

ഓഡിറ്റിന്റെ അപാകതകൾ താഴെക്കൊടുക്കുന്നു.

1) ചെലവഴിച്ച തുകകൾ വിനിയോഗിച്ച് നിർദ്ദിഷ്ട പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണുന്നില്ല(രേഖകൾ ഫയലിൽ ഇല്ല.). രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2)ഈപദ്ധതികൾ ഏത് കാലയളവിൽ,ഏത് പദ്ധതിയിൽ നിർമ്മിച്ചവയാണെന്ന് രേഖകൾ ഫയലിൽ ഇല്ല.

3. ജലനിധി പദ്ധതി നടപ്പാക്കപ്പെട്ട പഞ്ചായത്താണ് നെൻമേനി. മേൽപ്പട്ടികയിൽ പരാമർശിക്കുന്ന പദ്ധതികൾ ജലനിധി പ്രകാരം ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ച പദ്ധതികളാണോ എന്ന് വ്യക്തമാക്കണം. ജലനിധി പദ്ധതിയിൽ ഈ പദ്ധതികളെ ഉൾപ്പെടുത്തി മതിയായ നവീകരണ/വിപുലീകരണ പ്രവൃത്തികൾ ചെയ്യാതിരുന്നതിന്റെ സാഹചര്യം/ കാരണം വ്യക്തമാക്കണം.

മേൽപ്പട്ടികയിൽ ചെലവ് തുക പരാമർശിച്ചിട്ടില്ലാത്ത വർക്കുകൾ തുടർന്ന് നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. നടപ്പാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ

ലഭ്യമാക്കേണ്ടതാണ്.

മേൽകാര്യങ്ങളിൽ വിശദീകരണവും വിശദവിവരങ്ങളും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/16-17/31.8.2017) മറുപടിയൊന്നും നല്കിയിട്ടില്ല.ഈ സാഹചര്യത്തിൽ ചെലവഴിച്ച തുക 783711/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 8,00000 | പട്ടിക വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം | 205369 | 594631 |
| ജില്ലാപഞ്ചായത്ത് | 1900000 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 19,00000 | - |
| ജില്ലാപഞ്ചായത്ത് | 288000 | ക്ഷീരകർഷർക്ക് പാലിന് പ്രോത്സാഹനം | - | 288000 |
| ജില്ലാപഞ്ചായത്ത് | 5,00000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | - | 5,00000 |
| ബ്ളോക്ക് പഞ്ചായത്ത് | 5,00000 | ക്ഷീരകർഷർക്ക് പാലിന് പ്രോത്സാഹനം | 5,00000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ചെക്ക് നംമ്പർ | മുൻകൂർ നല്കിയതുക | ചെലവഴിച്ചതുക | ചെലവഴ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | മുരിക്കിലാടി കുടിവെള്ള പദ്ധതി വൈദ്യതീകരണം | 26/16-17 | 73615 | 48020 | 25595 |
| കെ.എസ്.ഇ.ബി | കൈലാസം കുന്ന് കുടിവെള്ള പദ്ധതി വൈദ്യതീകരണം, റിപ്പയർ | 24/16-17 | 1,42507 | 103120 | 39387 |
| കെ.എസ്.ഇ.ബി | ചെകിടിമൂല കുടിവെള്ള പദ്ധതി വൈദ്യതീകരണം | 32/16-17<br>36/16-17 | 1,50,000/- | 49977 | 100023 |
| കെ.എസ്.ഇ.ബി | തൊട്ടുവെട്ടി വയൽ കുടിവെള്ള പദ്ധതി വൈദ്യതീകരണം | 49/16-17 | 2,75,000 | 111629 | 163371 |
| കെ.എസ്.ഇ.ബി | മാക്കുറ്റി കുടിവെള്ള പദ്ധതി വൈദ്യതീകരണം | 38/16-17 | 1,78,200 | 58244 | 119956 |
| കെ.എസ്.ഇ.ബി | പുത്തൻകുന്ന് ഹെൽത്ത് സെന്റർ ടാങ്ക് മോട്ടോർ | 27/16-17,<br>35/16-17 | 50,000 | 26500 | 23500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

പഞ്ചായത്തിൽ വായ്പ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവരം ലഭ്യമല്ല. (ഇത് സംബന്ധിച്ച ഖണ്ഡിക 3-14, 3-15 കാണുക)

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 4445124 |
| തൻവർഷം നിക്ഷേപിച്ച തുക | 356301 |

| | |
|---|---|
| ആകെ | 4801425 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4801425 |

| നിക്ഷേപത്തിന്റെ വിവരം | 2016-17 |
|---|---|
| സർവ്വീസ് സഹകരണ ബേങ്ക് ചീരാൽ - 19823 | 289246 |
| ,, -19808 | 215096 |
| സർവ്വീസ് സഹകരണ ബേങ്ക് ,ചുള്ളിയോട്-18175 | 209777 |
| ,, -18176 | 340453 |
| ജില്ലാസഹകരണ ബേങ്ക്-20009 | 496766 |
| ,, -20010 | 240607 |
| ബത്തേരി അർബൻ ബാങ്ക്,ചീരാൽ-23660 | 312799 |
| ,, -23661 | 234792 |
| എസ്.ബി.ടി കോളിയാടി-1589 | 1501787 |
| ,, -4496 | 959602 |
| മലപ്പുറം സ്പിന്നിംഗ് മിൽ | 500 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം,ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം , ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| 2001-02<br>ഖണ്ഡിക 3.6 | 2006-07<br>ഖണ്ഡിക 3.9.3 | പാട്ടത്തുകുന്ന് കുടിവെള്ള പദ്ധതി | സമിതിയുടെ പരിഗണനയിൽ |
| 2006-07<br>ഖണ്ഡിക 3.2 | 2009-10<br>ഖണ്ഡിക 3.8.12 | പുഞ്ചവയൽ കോളനിയിൽ കൃഷി ഭവൻ മുഖേന ഇലക്ട്രിക് മോട്ടോർ കാണാതായി | സമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,45,19,937/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,86,55,708/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 70293/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 197080/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7596307/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-9 | 11125/- | | ശ്രീ. ഷാജികുമാർ പി.ആർ( ഇൻചാർജ്ജ് )സെക്രട്ടറി |
| 2.10 | 57168/- | | ശ്രീമതി വിനീത സി.ടി, അസി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| 2-11 | 2,000 | - | ശ്രീ. ഷാജികുമാർ പി.ആർ( ഇൻചാർജ്ജ് )സെക്രട്ടറി |
| 3-9 | | 197080/- /- | ശ്രീ .ശശി ,ഹെഡ്മാസ്റ്റർ |
| ആകെ | 70293/- | 197080/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,75,000/- | ശ്രീമതി . ഗിരിജ പി.വി,ടി.ഇ.ഒ |
| 3-10 | 101742/- | ശ്രീ .ശശി ,ഹെഡ്മാസ്റ്റർ |
| 3-11 | 95503/- /- | ശ്രീ .ശശി ,ഹെഡ്മാസ്റ്റർ |
| 3-14 | 2491239/-/- | ശ്രീ ഷാജികുമാർ പി.ആർ( ഇൻചാർജ്ജ് )സെക്രട്ടറി |
| 3-15 | 3000000 /- | ശ്രീ ഷാജികുമാർ പി.ആർ( ഇൻചാർജ്ജ് )സെക്രട്ടറി |
| 3-16 | 2,50,000/- | ശ്രീ കെ.നാരായണൻ,സെക്രട്ടറി-(100000/-)<br>ശ്രീ ഷാജികുമാർ പി.ആർ( ഇൻചാർജ്ജ് )സെക്രട്ടറി-(1,50,000/-) |
| 3-17 | 109089/- | ശ്രീ ഷാജികുമാർ പി.ആർ( ഇൻചാർജ്ജ് )സെക്രട്ടറി |
| 3-18 | 2,00000/- | ഡോ.ബിനോയ് ആന്റണി, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 3-19 | 190023/- | ശ്രീമതി വിനീത സി.ടി,എ.ഇ |
| 3-22 | 783711/-/- | ശ്രീമതി വിനീത സി.ടി,എ.ഇ |
| ആകെ | 7596307/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-2,2-5,2-6,2-7

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ.നം | പേര്,തസ്തിക | ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി വിനീത സി.ടി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | മണൽ വയല് വീട്,താഴെമുണ്ട,കേണിച്ചിറ |
| 2 | ശ്രീ. ഷാജികുമാർ പി.ആർ (ഇൻചാർജ്ജ്) സെക്രട്ടറി | (ഇൻചാർജ്ജ്)സെക്രട്ടറി | പനയ്ക്കപറമ്പില് വീട്,ആയിരം കൊല്ലി,അമ്പലവയൽ |
| 3 | ശ്രീ .ശശി | ഹെഡ്മാസ്റ്റർ | ഒലിപ്രക്കാട്ട വീട് ,ആനപ്പാറപാലം,ചുള്ളിയോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91, 91-92 | LF(W).P4-360/10(1)/21.8.10 |
| 1992-93 | LF(W).P4-360/10(2)/21.8.10 |
| 1993-94 | LF(W).P4-360/10(3)/21.8.10 |
| 1994-95 | LF(W).P4-360/10(4)/21.8.10 |
| 1995-96 | LF(W).P4-360/10(5)/21.8.10 |
| 1996-97 | LF(W).P1-687/01/31.12.01 |
| 1997-98 | LF(W).P1-730/00/15.12.01 |

| | |
|---|---|
| 1998-99 | LF(W).P1-96/01/1.8.01 |
| 1999-00 | LF(W).P4-595/04/8.2.05 |
| 2000-01 | LF(W).P4-360/10(8)/21.8.10 |
| 2001-02(plan) | LF(W).P4-360/10(9)/21.8.10 |
| 2002-03 | LF(W).P4-360/10(10)/21.8.10 |
| 2003-04 | LF(W).P4-360/10(11)/21.8.10 |
| 2004-05 | LF(W).P4-360/10(12)/21.8.10 |
| 2005-06 | LF(W).P4-360/10(13)/21.8.10 |
| 2006-07 | LF(W).P4-360/10(14)/21.8.10 |
| 2007-08 | LF(W).P4-337/13 10.6.13 |
| 2008-09 | LF(W).P4-690/12 17.5.13 |
| 2009-10 | LF(W).P4-191/12 29.2.12 |
| 2010-11 | LF(W).P3-193/13 01.7.13 |
| 2011-12,12-13 | LF(W).P3-614/14 07.11.14 |
| 2013-14 | KSA WYD P3-693/2015 16.12.2015 |
| 2014-15 | KSA WYD P3-427/14.07.2016 |

| | |
|---|---|
| 2015-16 | KSA WYD P3- |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി3-578/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്, കൽപ്പറ്റ. പിൻ -673121

തിയ്യതി : 13/10/2017.

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽഫണ്ട് വകുപ്പ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ നെൻമേനി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളിൽ ഒഴികെ എന്റെ അഭിപ്രായത്തിൽ നെൻമേനി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

AUDIT CERTIFICATE

No. KSA.(WYD)/P3/578/17

Kerala State Audit Department

District Audit Office,
Wayanad, Kalpetta-673121

Phone: 04936-203672

Dated.13/10/2017.

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Nenmeni Grama Panchayath in Wayanad District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Nenmeni Gramapanchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director,

District office, Wayanad.